# മുകുളം

# 2019

little KITEs

ലിറ്റിൽ കൈറ്റ്സ് 2018-19

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

## പി.സി.ജി.എച്ച്.എസ്സ്
## വെള്ളിക്കുളങ്ങര

ചീഫ് എഡിറ്റർ-

സിസ്റ്റർ ലിറ്റിൽ തെരേസ്



സ്റ്റാഫ് എഡിറ്റർ-

ജൈമോൾ



സ്റ്റുഡന്റ് എഡിറ്റർ-

ശ്രേയ.എസ്സ്





# പത്രാധിപ സമിതി അംഗങ്ങൾ












ഐശ്വര്യ ടി.എസ്
അൽച്ചന കെ.എം
അഹല്യ എം.എസ്
റമീസ റഹ്മാൻ
ക്രിസ്റ്റീന ജെയിംസ്
മനീഷ
ആഫിയ സലാം
റിഫ്ന എആർ
ലക്ഷ്മിനന്ദന
വൈഷ്ണവി

# ആശംസകൾ

**ലിറ്റിൽകൈറ്റ്സിന്റെ പുതിയ സംരംഭമായ മുകുളം 2019 എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു**



**ബെന്നി താഴേക്കാടൻ**

**പി.ടി.എ.പ്രസിഡന്റ്**

**വിവര വിനിമയ സാങ്കേതിക വിദ്യയിൽ അറിവ് നേടുന്നതിനും കുട്ടികളുടെ കലാവാസനകൾ വളർത്തുന്നതിനും അക്ഷരച്ചിറകുകൾ നൽകിയിരിക്കുന്ന ഈ മുകുളം 2019 എന്ന ഡിജിറ്റൽ മാഗസിൻ ഉപകരിക്കട്ടെ എന്ന് പ്രത്യാശിക്കുന്നു.ഇതിനു പുറകിൽ പ്രവർത്തിച്ച ലിറ്റിൽകൈറ്റ്സിനും കൈറ്റ് മാസ്റ്റേഴ്സിനും അഭിനന്ദനങ്ങൾ**



**ഹെഡ്മിസ്ട്രസ്**

**സി. ലിറ്റിൽ തെരേസ്**

**അക്ഷരം അക്ഷയമാണ്.കുട്ടികളിലെ സർഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും കംപ്യൂട്ടറിൽ വൈദഗ്ധ്യം നേടുന്നതിനും ഈ ഡിജിറ്റൽ മാഗസിൻ ഉപകരിക്കട്ടെ എന്ന് ആശംസിക്കുന്നു.ലിറ്റിൽകൈറ്റ്സിന് അഭിനന്ദനങ്ങൾ**

**സ്കൂൾ ലീഡർ**

**ആൽവിയ.കെ.വി**



# എഡിറ്റോറിയൽ



വാക്കുകൾക്ക് ഈടുപോരെന്നു തോന്നുന്നനിസ്സഹായതയിൽ കടപ്പാടുകൾ ഹൃദയത്തെ വ്യസനിപ്പിക്കുന്നു .ലിറ്റിൽകൈറ്റ്സിന്റെ ഒരു പ്രസന്റായ"മുകുളം2019"നമ്മുടെ ഉള്ളംകൈകളിൽ എത്തുമ്പോൾ ഈ കമനീയ കലാസൃഷ്ടിയെ അണിയിച്ചൊരുക്കാൻ തുണയായവരോടുള്ള കൃതജ്ഞത അക്ഷരങ്ങൾ കൊണ്ട് ഉൾക്കൊള്ളാൻ ആവില്ലെന്ന തിരിച്ചറിവുണ്ട്.എങ്കിലും ഹൃദയത്തിൽനിന്നും തൂലികതുമ്പിലൂടെ മനുഷ്യഹൃദയത്തിലെത്താനുള്ള സ്നേഹത്തിന്റെ കഴിവിൽ വിശ്വസിച്ച് നന്ദി നിറഞ്ഞ മനസ്സുമായി ഈ സാഹസത്തിനൊരുങ്ങുകയാണ് . ഈ "മുകുളം"ഒരു യാഥാർത്ഥ്യമാക്കാൻ തുണയായി കൂടെ നിന്ന ഹെഡ്മിസ്ട്രസിനോടും ജൈയ്മോൾ ടീച്ചറോടും കാന്റി ടീച്ചറോടും പത്രസമിതി അംഗങ്ങളോടുമുള്ള കടപ്പാട് ഏറെയാണ്.നന്ദിയുടെ ഒരായിരം കാണിക്കകളർപ്പിച്ച് സ്നേഹപൂർവം ഈ മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു.

സ്റ്റുഡന്റ് എഡിറ്റർ-
ശ്രേയ.എസ്സ്

# ഉള്ളടക്കം


| | | |
|---|---|---|
| എന്റെ പി.സി.ജി.എച്ച്.എസ് | ലേഖനം | 8 |
| ഓർമച്ചെപ്പ് | കവിത | 10 |
| ചങ്ങാത്തം | കവിത | 11 |
| ആ...മഴയത്ത് | കവിത | 12 |
| ചിന്നിചിതറി പൊഴിയുന്ന മഴ | കവിത | 13 |
| മഴയിൽ കുതിർന്ന മണ്ണും പൂക്കളും | കവിത | 17 |
| ഞാൻ എന്ത് നേടി? | കഥ | 21 |
| യാത്രയ്ക്കൊരു വിരാമം | കഥ | 22 |
| അമ്മ | കഥ | 24 |
| സ്നേഹത്തിന്റെ മടക്കയാത്ര | കഥ | 28 |
| മടക്കയാത്രയുടെ വേദന | കഥ | 33 |
| വേദനകൾ സമ്മാനിച്ച രണ്ട് വ്യക്തികൾ | | |
| മിടിക്കുന്ന ഒരു ഹൃദയം | കഥ | 34 |
| മഴയെ..മഴയെ... | കവിത | 36 |
| മെല്ലെ മെല്ലെ | കവിത | 37 |
| എന്റെ അവസാനത്തെ യാത്ര | കഥ | 38 |
| ഒരു ബോംബെ യാത്ര | യാത്രാവിവരണം | 40 |
| ചിത്രങ്ങൾ | | |
| കുരുക്ഷേത്ര ഭൂമിയിൽ | കവിത | 45 |

ലിറ്റിൽ കൈറ്റ്സ് 2018-19

# പി.സി.ജി.എച്ച്.എസ്സ്
# വെള്ളിക്കുളങ്ങര



# എന്റെ പി.സി.ജി.എച്ച്.എസ്



കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് പല മുഖങ്ങളും വികൃതമാക്കപ്പെടുമ്പോൾ കിഴക്കൻ മലയോരനാടിന്റെ സ്വച്ഛതയും മനോഹാരിതയും നിലനിർത്തിക്കൊണ്ട് വികസനത്തിന്റെ പുതിയ മാനങ്ങൾ പടുത്തുയർത്തി വെള്ളിക്കുളങ്ങരയുടെ സമീപപ്രദേശങ്ങളുടേയുംവികസനപാത യിൽ ഇടവക ദേവാലയത്തിനോട് കൈകോർത്ത് മുന്നേറിക്കൊണ്ട് 1954-ൽ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സഭയുടെ കീഴിൽ പ്രവർത്തനമാരംഭിച്ച പ്രസന്റേഷൻ കോൺവെന്റിൽ എൽ പി സ്കൂൾ ആയും,പിന്നീട് യു.പി,ഹൈസ്കൂൾ എന്നീ നിലകളിലേക്ക് ഉയർത്തപ്പെട്ട് അവികസിതമായി ഈ മലയോരപ്രദേശത്ത് ആദ്യമായി അക്ഷരത്തിന്റെ വെളിച്ചമായി ഇന്നും പരിലസിച്ച് നിലനിൽക്കുന്നു.പച്ചവിരിച്ച പരവതാനിയും,പുൽമേടുകളും തിങ്ങിവിങ്ങി നിൽക്കുന്ന



മലരണികാടുകളും ശുദ്ധവായുവും ലഭ്യമാകുന്ന ഈ നാട്ടിൽ തലയുയർത്തി ആകാശംമുട്ടെ ആർപ്പോവിളികളോടെ ഗുരുക്കന്മാരുടെ അനുഗ്രഹാശംസകളോടെവൻവിജയങ്ങൾകൊയ്യെടുക്കുന്ന പി.സി.ജി.എച്ച്.എസ്സ്.



പി.സി.ജി.എച്ച്.എസ്സ്-ന്റെ അങ്കണത്തിലേക്ക് വരുന്ന ഓരോ പിഞ്ചോമനകളുടേയും അവരുടെ കുടുംബത്തിന്റെയും അത്താണിയായി പുഞ്ചിരി തൂകിക്കൊണ്ട് പ്രൗഢിയോടെ വെള്ളിക്കുളങ്ങരയുടെ അഭിമാനമായി നിലകൊള്ളുന്ന ഈ കലാലയത്തിൽ ഇനിയും കൂടുതൽ,കൂടുതൽ വിജയകഥകൾ രചിക്കുന്ന പുസ്തകത്താളുകളിൽ വിജയത്തിന്റെ മുൻനിരയിൽ സ്ഥാനം ലഭിക്കുവാൻ നല്ല തമ്പുരാനോട് എല്ലാവരുടേയും പ്രാർത്ഥനകൾ യാചിക്കുകയും അങ്ങനെ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യട്ടെ എന്ന് ആഗ്രഹിച്ചുകൊണ്ട് നിർത്തുന്നു.-

ആൽവിയ

സ്കൂൾ ലീഡർ



# ഓർമ്മച്ചെപ്പ്




പിന്നെയും പിന്നെയും കാതോർത്തു
ഞാനെന്റെ അമ്മതൻ താരാട്ടുപാട്ടിനായി
മൃദുലമാംകൈകൊണ്ട്ഒന്നുപുൽകീടവേ
ഒന്നു മയങ്ങിയ ഓർമ്മതൻ നാളവും


കുട്ടിക്കഥകൾ പറഞ്ഞന്നെനെറ്റിയി
ലൊന്ന് ചുംബിച്ചനേരവും
നീറുന്ന മഞ്ഞിൽ തണുപ്പിലുമെന്നെ
പിച്ച പിച്ച നടക്കുന്ന പ്രായത്തിൽ

മാറോടുചേർത്തുവച്ചെന്നമ്മ
എത്രയോ വട്ടം ഞാൻ തട്ടിവീണനേരം
പിഞ്ചുകരങ്ങൾ ഒന്നുപിടിച്ചമ്മ
പിച്ചനടക്കാൻ പഠിപ്പിച്ചതോർത്തു ഞാൻ

ആദ്യമായ്എന്റെനാവിൽപൊഴിഞ്ഞതാ
ണമ്മയെന്നാപദം വിദ്യാമുറ്റത്ത് എന്നെ
കൊണ്ട് വിട്ടയെന്നമ്മയോട്
കോപമന്നേരംതോന്നിപോയി

എത്രയോ ഓർമ്മകൾ തന്ന എന്നമ്മ
എങ്ങോ അന്നേരം മാഞ്ഞുപോയി
ഏതുരാവിനേയും കുളിരണിയിക്കുന്ന
നാദമായ് വന്നമ്മയന്നേരം

-ഐശ്വര്യ ടി. എസ്സ്



# ചങ്ങാത്തം

ശ്രേയഎസ്



ഓർമ്മയിലിന്നു രാഗങ്ങളായ്
അണയാത്ത സൗഹൃദങ്ങൾ
ഉഴലുന്ന ജീവിത വീഥികളിൽ
തണലേകുന്ന ദീപ്തിയോടെ
ചങ്ങാതിയുണ്ടായാൽ ഒത്തുചേരാം
നിഴലറ്റ പാതകളിൽ
പാവന പൂരിതമാക്കിതീർക്കാം
നിറമേഴും പൊയ്കയെല്ലാം
മാധുര്യമേറുമീ സൗഹൃദത്തണലിൽ
നിനവോടെ കൈകൾ കോർക്കാം.
വിരഹമാകുന്ന കടലിന്റെ ഓളങ്ങൾ
ചിരിതൂകി ചേർത്തു വയ്ക്കാം .



കനലിന്റെമിഴികളിലലിവോടെ
ഉയരുവാനാകേണം സൗഹൃദ
ചങ്ങലയാൽചങ്ങാത്തം മായമന്ത്രമല്ല
മൊഴിയുന്ന പാഴ് വാക്കുമല്ല
ചങ്ങാത്തമെന്നത് ദിവ്യമാണ്
ശാശ്വതമാകും കിനാക്കളാണ്
നിറവിന്റെ ശോഭനമാക്കിയിടാം.
ഉണർവ്വിന്റെ ചങ്ങാത്തമെന്നുമെന്നും

# ആ....
# മഴയത്ത്



കത്തിപറക്കും കൊടും വേനലിൽ
മനസ്സിൽ കുളിർമയായ് വന്ന ആ
പേമാരിയിൽ തുള്ളിക്കളിക്കും
പ്രകൃതി എന്തെ ഇപ്പോൾ
കേഴുന്നു ജീവനായ്

എന്തിനാ പേമാരി ചവിട്ടി
മെതിക്കുന്നു അമ്മയാം ഭൂമിയെ?
വസന്തകാലത്തിന്റെ
മുന്നോടിയല്ല
ദാഹം ശമിപ്പിക്കാൻ വന്നതല്ല.
പിന്നെ എന്തിനോ?
ഭൂമിതൻ മകളെ ദഹിപിക്കാനോ?
അതോ പ്രതികാരദാഹിയോ?
മനുഷ്യർ തൻ കൊടും
ക്രൂരതയ്ക്കുള്ള പ്രതിഫലമോ.....
അതെ !ഇതു മഴയല്ല,
ഒരു അമ്മതൻ ഹൃദയവേദന ,
മഴയായ് ഒഴുകുന്നു.
ഇത് വെറും മഴയല്ല,
കാടിന്റെ , കടലിന്റെ
കരിപ്പാറക്കെട്ടിന്റെ-
മണ്ണിന്റെ മണലിന്റെ....
മിഴിയിൽ നിന്നൊഴുകുന്ന വേദന .
ഇതു ശാപമാണ് , പ്രകൃതിയുടെ ശാപം

ഈ ക്രോധത്തിൽ നശിക്കുന്നു എല്ലാം
മലകൾ , പുഴകൾ,
കാടുകൾ, മേടുകൾ
ആകെ ബാക്കിയായി ഈ
തരിശുഭൂമിമാത്രം.
മഴ ബാക്കിയായി കൊടും
വേദന തൻ കൊടും കടൽ.
കുടിലുപോയ് , കനവുപോയ് ,
കൊട്ടാരവുംപോയ്
ഇതിനെല്ലാം സാക്ഷിയായ് ഭൂമിയാം
അമ്മ
മഴയ്ക്കു പാടാൻ ഇനി പാട്ടില്ല.
കൊടും ക്രൂരതയുടെ രൗദ്രഭാവത്തിലെ
പേമാരി മാത്രം............



-ഐശ്വര്യ
ലക്ഷ്മി



# ചിന്നിചിതറി പൊഴിയുന്ന മഴ

ചിന്നിചിതറി പൊഴിയുന്ന മഴയെന്ന
കതാരിൽതീർത്ത ആനന്ദമായിരുന്നു...
നെഞ്ചിൻ തൻ വീർപ്പുമുട്ടലിൽനിന്ന്
അനന്തതയിലേക്കുള്ള
മടക്കയാത്ര......അറിയില്ല നിൻ
സൗന്ദര്യമാധുരിയെന്നിൽ
നിറച്ചൊരാ പ്രണയം. നിൻ ചെപ്പിൽ
ബാക്കിവെച്ച വർണ്ണ ത്തുണ്ടിലേറി
ഓർമ്മകൾയാത്രയിൽ
നീ ബാക്കി വെച്ച ഓർമ്മകൾക്കുള്ള
സൗരഭ്യം ഇന്നുമെനിക്ക് നുകരാൻ
കഴിയവേ ഞാൻ നിൻ വേണുവിലെ
നാദമായെങ്ങും ഒഴുകവേ......
നിൻ മണിമുത്തുകൾ എൻ
മാറിൽ വന്നു പതിക്കവേ.....
നിന്നിലലിയുകയാണ് ഞാനൊരു
പുഴയായ്.....ഇന്നുമോർക്കു
ന്നു ഞാനെൻ ഹൃത്തിൽ നീതന്ന
വിരഹം; കർക്കിടമാരിയിൽ
ദുർഗിടംതന്നു നീയെങ്കിലുംപ്രിയെ,
നീ ബാക്കിവച്ച അശ്രുസീമയിൽ
ഇന്നും ഞാൻ പിടയവേ; നീയകറ്റിയ
എൻ സ്നേഹംകാത്തിരിക്കുന്നു ഞാൻ
ആശയോടെനീ നൽകിയ
നൊമ്പരസിന്ദൂരവർണ്ണംഞാനണിയവേ;
നീ പറിച്ചെടുത്ത എൻ സ്മൃതി-
ഹൃദയങ്ങളെ ഞാൻ തേടുകയാണ് നി-
ന്നോരോ മൊഴിയിലും ഭൂമിയിൽ നീ
ബാക്കി വെച്ച ആ കയ്പേറും ഓർമ്മതൻ
തടവിലിന്നും ഞാൻ ബന്ധിതയാകവേ;
ആർത്തിരമ്പുന്ന തിരമാലകൾ പോലെ
അടങ്ങാതെ നിൽക്കുന്നവേദനകൾ .....
അഗ്നിയായ് ജ്വലിക്കുന്ന
എൻഉൾത്തടങ്ങളിൽ അലയുകയാണ്
ഞാൻ......നീബാക്കിവെച്ച ഈ
നരകജന്മംഎന്നിൽ നിന്നകറ്റാൻ......
നീ ബാക്കിവെച്ചയീ ജീവിതം
എന്തിനാണിനിയും പ്രിയേ.....നിൻ
നഷ്ടസ്മൃതികളിൽ
ഞെരുങ്ങുന്നഞാൻ......നീബാക്കിവെച്ച
യീ ജീവിതം
എന്തിനാണിനിയും
ഒരു ചോദ്യചിഹ്ന-
മായി വെയ്ക്കുവേ



-അഹല്യ.എം.എസ്സ്

# മഴയിൽ കുതിരുന്ന മണ്ണും പൂക്കളും

മഴയിൽ കുതിരുന്നു മണ്ണും പൂക്കളും
നനഞ്ഞു കുളിരുന്ന പ്രകൃതി തൻ
നൊമ്പരം
എന്തിനീ മഴ നിർത്താതെ പെയ്യുന്നു.
എന്നാൽ മഴ കോരിച്ചൊരിയുന്നു
പ്രകൃതിക്കായ്...
മഞ്ഞിൽ പൊതിഞ്ഞ സ്നേഹത്തിന്റെ
വാക്കുകൾ
വെയിൽ കൊണ്ട് വാടിക്കരിയുന്ന
ചെടികൾക്കായ് വിതറുന്നു മഴ
തന്റെ ജീവിതം മഴയിൽ കുതിരുന്ന
മണ്ണും പൂക്കളും ..... എന്തിനീ മഴ
നിർത്താതെ പെയുന്നു.......
സങ്കടം അടക്കി പിടിക്കുവാനാകതേ
പൊട്ടിക്കരയുന്ന മഴയിന്ന പ്രകൃതിയിൽ
മഴയിന്ന പ്രകൃതിക്ക് സ്നേഹ
സാന്നിദ്ധമാകുന്നു.....
മഴ പ്രകൃതിക്കെന്നും ആശ്വാസമാകുന്ന

കോരിച്ചൊരിയുന്ന മഴയുടെ വർണ്ണന
ആവിഷ്ക്കരിക്കുന്നു മഴയിന്നു
പ്രകൃതിയിൽ

എന്തിനോ നിന്നു ചിണുങ്ങുന്നു
മഴയിന്നുഎപ്പോഴും സങ്കടം എപ്പോഴും
സങ്കടം
മഴയിൽ കുതിരുന്നു മണ്ണും
പൂക്കളും നനഞ്ഞുക്കുളിരുന്ന പ്രകൃതി
തൻ നൊമ്പരം എന്തിനീ മഴ
നിർത്താതെ പെയുന്നു.......
മഴയ്ക്കു കൂട്ടായ് എന്നും ഇടിയും
മിന്നലും താണ്ടുന്നു പല വഴികൾ
ജീവിതത്തിൽ കരഞ്ഞു മതിയായില്ലയോ
നിനക്കിന്നു എന്തീനി സങ്കടം എന്തീനി
സങ്കടംഇടിയും മിന്നലും മഴയ്ക്ക്
പുതപ്പുമായി എത്തുന്നു.



-ആഫിയ സലാം

# വിജയങ്ങൾ കൊയ്ത്ത് ലിറ്റിൽ കൈറ്റ്സ്






സ്കൂൾ വിക്കി അവാർഡ്

ഉപജില്ലാ ഐ.ടി മേള ജേതാക്കൾ




# ക്ലാസ്സുകളിലൂടെ ലിറ്റിൽ കൈറ്റ്സ്









## ചിത്രരചനാമത്സരങ്ങളിലൂടേ






## ഹാർഡ്‌വെയർ എക്സിബിഷൻ







ലിറ്റിൽ കൈറ്റ്സ്
മാഗസിന്റെ പണിപ്പുരയിൽ





## ലിറ്റിൽ കൈറ്റ്സ്

## 2018-19

## പ്രവർത്തനങ്ങൾ



ജൂൺ മാസത്തിൽ പ്രവർത്തനം ആരംഭിച്ച പ്രാരംഭ ക്ലാസ് നടത്തിയത് സുഭാഷ് സാറും ജയ്മോൾ ടീച്ചറും ചേർന്നാണ്

തുടർന്ന് എല്ലാ ബുധനാഴ്ച്ചകളിലും റെഗുലർ ക്ലാസുകൾ നടക്കുന്നു

അനിമേഷൻ,ഇന്റർനെറ്റ്

സ്ക്രാച്ച്.മൊബൈൽ ആപ്

,തുടങ്ങിയവയെ കുറിച്ചുള്ള ക്ലാസുകൾ കാൻഡി ടീച്ചറും ജയ്മോൾ ടീച്ചറും ചേർന്ന് നടത്തുന്നു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാനും അതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താനും ഈ ക്ലാസുകൾ സഹായകമായി

സ്കൂളിൽ

ഐറ്റിമേള നടത്താനും വിജയികളെ സബ്ജില്ലയിലേക് അയക്കുവാനും ലിറ്റിൽ കൈറ്റ്സ് നേതൃത്വം നൽകിവരുന്നു

ക്ലാസ്സ്ിലെ ഹൈടെക് ഉപകരണങ്ങൾ കൈകാര്യം ചെയ്യാനും അത് സംരക്ഷിക്കുവാനും ലിറ്റിൽ കൈറ്റ്സ്അംഗങ്ങൾ ശ്രമിക്കുന്നു

ചിത്രരചനയിൽ താത്പര്യമുള്ള കുട്ടികൾക്കായി മത്സരംനടത്തുകയും ചെയ്തു സെപ്റ്റംബര് മാസത്തിൽ ഫ്രീ സോഫ്റ്റ് വെയർ ഡേ ആഘോഷിച്ച കുട്ടികൾക്കും രക്ഷിതാകൾക്കുമായി

ബോധവത്കരണ ക്ലാസുകൾ, ഹാർഡ് വെയർ

എക്സിബിഷൻ ,സെമിനാറുകൾ

എന്നിവ സംഘടിപ്പിച്ചു.

കേരളത്തിലെ പൊതു വിദ്യാലയങ്ങളെ ഉൾപ്പെടുത്തി കൊണ്ടുള്ള കെ ശബരീഷ് സ്മാരക സ്കൂൾ വിക്കി അവാർഡ് ഞങ്ങളുടെ സ്കൂളിന് ലഭിച്ച ഇതിൽ ലിറ്റിൽ കൈറ്റ്സ്അംഗങ്ങളുടെ പങ്ക് വളരെ വലുതാണ് താത്പര്യാമുള്ള കുട്ടികൾക്കായി മത്സരംനടത്തുകയും


ചെയ്തു .

സെപ്റ്റംബര് മാസത്തിൽ ഫ്രീ സോഫ്റ്റ് വെയർ ഡേ ആഘോഷിച്ച കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി ബോധ വത്കരണ ക്ലാസുകൾ ,ഹാർഡ് വെയർ എക്സിബിഷൻ ,സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചകേരളത്തിലെ പൊതു വിദ്യാലയങ്ങളെ  ഉൾപ്പെടുത്തി കൊണ്ടുള്ള കെ ശബരീഷ് സ്മാരക സ്കൂൾ വിക്കി അവാർഡ് ഞങ്ങളുടെ സ്കൂളിന് ലഭിച്ച ഇതിൽ ലിറ്റിൽ  **kite** അങ്ങകളുടെ പങ്ക് വളരെ വലുതാണ്കുട്ടികളുടെ കല വാസനകൾ  പരിപോഷി പ്പിക്കുവാനും വിവര വിനിമയ സാങ്കേതിക വിദ്യയിൽ അറിവുനേ ടാനും ഇത്തരം ഡിജിറ്റൽ മാഗസിനുകൾ സഹായകമാണ്.കൈറ്റ് മാസ്റ്റേഴ്സിനും അംഗങ്ങൾക്കും ദേവ് വാനുഗ്രഹവും നന്ദിയും നേർന്നുകൊണ്ട് നിറുത്തുന്നു

ലീഡർ

-ഐശ്വര്യ ടി. എസ്സ്

# ഫ്രീ സോഫ്റ്റ് വെയർ ഡേ ആഘോഷം




## സെമിനാറുകൾ




## ബോധവത്കരണ ക്ലാസുകൾ












# ഞാൻ എന്തു നേടി?



അനാമിക ജയൻ

ബോംബെയിലെ കടൽത്തീരത്തെ ഒരു സായാഹ്നം. ആർത്തുല്ലസിച്ച് സമയം ചിലവഴിക്കാൻ അവിടെ എത്തിയവർക്കിടയിൽ എന്തൊക്കയോ നഷ്ടപ്പെട്ട ഓർമ്മകളിൽ മുഴുകിയിരിക്കുകയായിരുന്നു. ഗോവിന്ദൻ ആ മഹാനഗരത്തിലെ ബഹളങ്ങൾക്കിടയിൽ ഒറ്റപ്പെട്ട്, നാട്ടുകാരെകുറിച്ച് , വീടിനെകുറിച്ച്, വീട്ടുകാരെകുറിച്ച്, ബന്ധുക്കരെക്കുറിച്ച്, എല്ലാം ചിത്തിക്കുകയായിരുന്നു അയാൾ. തന്റെ പോയ കാലജീവിതത്തിലേക്കും അയാൾ ഒന്ന് എത്തിനോക്കാൻ ശ്രമിച്ചും. പാതിവരച്ചിട്ട ചിത്രം പോലെയായിരുന്നു പിതാവിന്റെ ജീവിതം അത് ഉദിക്കാൻ തുടങ്ങുന്നതിനുമുൻപേ അസ്തമിച്ചു. ഒരു കൂട്ടുകുടുംബലായിരുന്നു അയാളുടേത്.

അമ്മയും, അച്ഛനും, വല്ല്യച്ഛനും, വല്ല്യമ്മയും പിന്നെ കളിക്കൂട്ടിനായി വല്ല്യച്ഛന്റെ രണ്ട് മക്കളും.എന്നാൽ അച്ഛന്റെ മൃതിക്കുശേഷം അവർ താമസം മാറി. തനിക്ക് 5 വയസ്സുള്ളപ്പോളായിരുന്നു അച്ഛന്റെ മരണം. ആ കണ്ണിർമഴ പെട്ടെന്നൊന്നും തോർന്നില്ല. അമ്മ കൂലിപ്പണിക്ക് പേയ, തന്നെ വളർത്തി, പഠിപ്പിച്ചു. അതിനു മുൻ പുണ്ടായിരുന്നു ബന്ധുബലമെല്ലാം പിതാവിന്റെ വേർപാടിലൂടെ വിടപറഞ്ഞു . ഗോവിന്ദന് അമ്മയും അമ്മക്ക് ഗോവിന്ദനും . അതിമനോഹരമാമയിരുന്നു തന്റെ ഗ്രാമം, പച്ചപ്പട്ടുവിരിച്ച നെൽപാടവും , ശാന്തമായി പ്രതിസന്ധികൾ തരണം ചെയ്ത് നീലാകാശത്തെ ഹൃദയത്തിന്റെ ഉള്ളറയിലേന്തി ഒഴുകുന്ന പുഴകൾ , പിന്നെ മരങ്ങൾ, കറന്റും ടി.വിയും

ഒന്നുമില്ലാ.അന്ന് അവധിദിവസങ്ങളിൽ എല്ലാ കുട്ടികളും തെരുവുകളിൽ നിറയും. അന്ന് പുളിയും, മാങ്ങയും മറ്റും പങ്കിട്ടുതിന്നത് മധുരം പകരുന്ന ഓർമ്മകളാണ്. സന്ധ്യസമയങ്ങളിൽ പ്രാർത്ഥനക്കുശേഷം കത്തിച്ചുവച്ച റാന്തൽ വിളക്കിനുമുൻപിൽ പഠിക്കാനിരി- ക്കു. പിന്നീട് ഉള്ളകഞ്ഞി താനും അമ്മയും പങ്കിട്ടുകഴി- ക്കും പഠനത്തിൽ അതിമിടുക്കനായിരുന്ന തന്നെ ഡിഗ്രി- ക്കുശേഷം അമ്മ ഉന്നത കോഴ്സിനുതന്നെ വിട്ടു. അതിവിടുക്കനായിരുന്ന തന്നെ ഡിഗ്രിക്കുശേഷം അമ്മ ഉന്നത കോഴ്സിനുതന്നെ വിട്ടു . അതിലും മികവു പുല- ത്തി നല്ലരീതിയിൽ ജോലി വാങ്ങിച്ചു. അമ്മയെ ജോലിക്ക വിടാതെ വീട്ടിൽ ഇരുത്തണമെന്ന തായിരുന്നു ചെറുപ്പം മുതലുള്ള തന്റെ ലക്ഷ്യം. ജോലിയിൽ പ്രാമോഷൻ ലഭിച്ചു അങ്ങനെയാണ് ബോംബെയിലെത്തിയത്. ആദ്യമൊക്കെ സ്ഥിരമായി കത്തുകളയച്ചുകൊണ്ടിരുന്നു അമ്മക്ക് . കൂടെജോലിചെയ്യുന്ന ഗീത എന്ന ഒരു പരിഷ്കാരി പെൺകുട്ടിയുമായി ഇഷ്ടത്തിലെയി നാട്ടിലെ മാരിയമ്മ കോവിൽ വച്ച് ഞാൻ അവളുടെ നെറ്റിയിൽ സിന്ദൂരം അ ണിയിച്ചു 5 മാസത്തെ ലീവിലായിരുന്നു വിവാഹം . അമ്മ ക്കും എല്ലാവർക്കും അവളെ ഇഷ്ടമായി . കുറിച്ചു ദിവസം കഴിഞ്ഞപ്പോൾ ഗീതയുടെ സ്വഭാവം മാറിത്തുടങ്ങി. അവൾ അമ്മയെ അംഗീകരിക്കാൻ കഴിയുന്നില്ല. അമ്മയുടെ നാടൻരീതികളുമായി അവൾക്ക് പൊരുത്തപ്പെടാനാകുന്നി ല്ല. അവൾ അമ്മയോട് കാരണമില്ലാതെ വഴക്കുകളുണ്ടാക്കാൻ തുടങ്ങി. ഞാനും അത് അമ്മയുടെ തെറ്റുകൊണ്ടാണെന്ന് വിചാരിച്ചു. പെട്ടെന്നതന്നെ താൻ ബോംബയിലേക്ക് തിരി- ച്ചു. അമ്മക്ക് ആഴ്ച്ചയിലൊരിക്കലാണ് കത്തെഴുതുക. പിന്നീട് അതും കൊറഞ്ഞു. കത്തുകൾ ഇടക്കിടയായി.

തനിക്ക് കുട്ടികളുണ്ടാകാനുള്ള ഭാഗ്യമുണ്ടായിരുന്നില്ല. നിരവധി ഡോക്റ്റർമാകെകണ്ടുഫലമുണ്ടായില്ല. പിന്നീട് ഗീത ആവശ്യമില്ലാതെ ഓരൊ കാരണങ്ങളുണ്ടക്കി തന്നോട് വഴക്കിടാൻ തുടങ്ങി. അവൾക്ക്

വേണ്ടിയാണ് താൻ അമ്മയെ
വേർപിരിഞ്ഞത്. ഒടുവിൽ
വൃദ്ധാശ്രമത്തി-
ക്കുകയും ചെയ്തു.ഞങ്ങൾക്കിനി
പരസ്പരം പെരുത്തപ്പെടാൻ
കഴിയില്ലെന്നു മനസ്സിലായപ്പോൾ
ബന്ധം  പിരിയാൻ തീരുമാനിച്ചു.
പീന്നിട് ഒരുപാടുകാലം
എങ്ങനെയോ കഴിഞ്ഞുകൂട്ടി . ഒറ്റക്ക്
ഒരുപാടുകാലം എങ്ങനെയോ
കഴിഞ്ഞുകൂട്ടി. ഒറ്റക്ക് ഒരു
ഫ്ലാറ്റിൽ.ഞാൻ
എന്ത് നേടി? എന്ന ചോദ്യം
മാത്രമാണെന്റെ മുൻപിൽ ഇപ്പോഴുള്ളത്
പഠനത്തിൽ മികവു പുലർത്തി
നല്ലജോലി
നേടിയതുകൊണ്ടെന്താണ് കാര്യം ?
ജീവിതത്തിൽ താൻ
തോറ്റുപോയി തനിക്കെന്തെങ്കിലും
നേടണമെന്ന് അയാൾക്കിപ്പോൾ
തോന്നുന്നു . പ്രിയതമക്കുവേണ്ടി താൻ
പിരിഞ്ഞ അമ്മയെ ഒരു
നോക്കുകാണാൻ അയാൾക്കിപ്പോൾ
കൊതിതോന്നുന്നു.കാലങ്ങളായി
അമ്മക്ക് കാത്ത് പോലുമയച്ചിട്ട് തന്റെ
നാട് ഇന്ന് ഏതവസ്ഥയിലായിരിക്കും
വിവാഹത്തിനുശേഷം പന്നീട്
അവിടേക്ക് പോയിട്ടേയില്ല ആ
നെൽപ്പാടങ്ങു നൈർമല്യമാർന്ന
പുഴയും പന്ത് കളിച്ചുനടന്ന
തൊരുവും
എല്ലാം കാണാൻ തന്റെ മനസ്സിപ്പോൾ
കൊതിക്കുന്നു . ഒരു
മടക്കയിത്ര അയാൾ ഇപ്പോൾ
മോഹിക്കുന്നു . എത്രവേഗ
മാണ് കാലം കടന്നുപോയത് ഇപ്പോൾ
താൻ ഒരു 45 കാരനായി . കൂടെ
ജോലിചെയ്യുന്ന ഒരു സുഹൃത്ത്
തോളിൽ കൈയ് വച്ചപ്പോഴാണ്
ഓർമ്മകളിൽ നിന്നുണർ
ന്നത് . തന്റെ നാടിനെ കാണാൻ ,
മാതാവിനെ കാണാൻ
ആ മഹാനഗരത്തിൽ നിന്ന അയാൾ
അടുത്ത തീവണ്ടിയിൽ തന്നെ കയറി.
റെയിൽപേ സ്റ്റേഷനിൽ ഇറങ്ങി ഒരു
ഓട്ടോ പിടിച്ചു . നാട്ടിൽ
വന്നിറങ്ങി.അയാളു
ടെ ഹ്ദയത്തിന് അവിടുത്തെ കാഴ്ച
താങ്ങാനായില്ല. പച്ചപ്പട്ടുപുതപ്പിച്ച്
ഗ്രാമത്തിന് ഐശ്വര്യമായ് നിന്ന്
വയലുകൾ അപ്രത്യക്ഷമായി
മൺപാതകളിൽ പൂശി അതിലൂടെ
നടന്നപ്പോൾ സ്ഫടികമായിരുന്ന
നദികൾ മാലിന്യകേന്ദ്രമായ് മാറിയ
കാഴ്ച അയാൾ കണ്ടു. അവിടെ
മൊബൈൽ ടവറുകളും കെട്ടിടങ്ങളും
നിറഞ്ഞു. തന്റെ ഗ്രാമം മരിച്ച കഴിഞ്ഞു
എന്നാൽ മനസ്സിൽ ധ്യാനിച്ച.തെരുവിൽ
കുട്ടികളാരു മില്ല  ചായക്കടകൾ മാറി

ഫൈവ്സ്റ്റാർ

ഹോട്ടലുകളായി.ഇതെല്ലാം ഒരു സൂചിയായ് വന്ന് അയാളുടെ കണ്ണുകളിൽ കുത്തിയതും അയാൾ കണ്ണീർ

പൊഴിച്ചതും പെട്ടന്നായിരുന്നു.പിന്നീട് അമ്മയെ കാണാനായി

വൃദ്ധാശ്രമത്തിലേക്ക് തിരിച്ചു.അവിടെ ചെന്നപ്പോ അവിടത്തെ ആളുകൾ

പറഞ്ഞു "ഒരു ആഴ്ച മുൻപ് അമ്മ..."താൻ പൂർണമായുംതളർന്നുപോയി

.പിന്നീടെന്തു വേണമെന്നയാൾക്ക്

നിശ്ചയമില്ല. ജീവിതം തന്നെ ആ

വേളയിൽ ഒരു ചോദ്യചിഹ്നമായി.താൻ

ഇനി എന്തുചെയ്യാനാണ്?തനിക്കിനി

എന്ത് ചെയ്യാൻ കഴിയും?എന്തിനാണ്

താൻ ജീവിച്ചത്?പിന്നീട് ചോദ്യങ്ങൾ മാത്രമായിമനസ്സിനകത്ത്

.ബോംബയിലെകടൽത്തീരത്തിരുന്ന പ്പോൾ മനസ്സിലുണ്ടായ ആ ചോദ്യം അത് ജീവിതം മുഴുവൻ എന്നെ

പിന്തുടരും,ഞാൻ എന്തു നേടി?



# യാത്രയ്ക്കൊരു വിരാമം



-സുഹൈല.സി എം

ണിം....ണിം...ണിം... അമ്മ

ഞെട്ടിയുണർന്നു.ഇന്നലത്തെ യാത്രക്കു ശേഷം അമ്മ വൈകിയാണ്

വീട്ടിലെത്തിയത്.ഉറക്കക്ഷീണം അമ്മയുടെ

കണ്ണുകളിൽ തുളുമ്പാൻ തക്കവണ്ണം

നിൽപ്പുണ്ടായിരുന്നു.അമ്മ ഏകയാണ്.

അഞ്ച് മുറികളുള്ള ആ പഠിപ്പുര വീട്ടിൽ

അമ്മ ഏകയാണ്.അമ്മയ്ക്ക് മൂന്നു

മക്കളാണുള്ളത്.മൂന്നുപേരും നാട്ടിൽ

തന്നെയാണ് താമസം.മൂന്നുപേർക്കും

കുടുംബവുമുണ്ട് കുട്ടികളുമുണ്ട്.കാലചക്രം

തിരിഞ്ഞുകൊണ്ടിരുന്നു.അമ്മ കൂടുതൽ

അവശയായി.ഒരു താങ്ങ് ഉണ്ടായാലെ

പറ്റുകയുള്ളൂ.അങ്ങനെ അമ്മ മക്കളെ തറവാട്ടിലേക്ക്

വിളിച്ചുവരുത്തി.എല്ലാവരും കൂടി ചർച്ച

ചെയ്തു.അമ്മയെ ആരുടെ

വീട്ടിലാക്കും.മൂത്തമകൻ പറഞ്ഞു:"

എനിക്ക് സാധിക്കില്ല.ഞാനും രമ്യയും രാവിലെത്തന്നെ

ജോലിക്കുപോകും.അമ്മയെ നോക്കാൻ

ഞങ്ങൾക്കാവില്ല.വിനീതിന്റെ

വീട്ടിലാക്കാമല്ലോ.? അവന്റെ ഭാര്യ പ്രീതയാണെങ്കിൽ വെറുതെ

വീട്ടിലിരിക്കുകയല്ലേ. അവൾ

നോക്കിക്കോളും".അപ്പോൾ പ്രീത

പറഞ്ഞു:"എനിക്കാവില്ല.എനിക്ക് വേറെ

ഒരുപാട് ജോലികളുണ്ട്.

അക്ഷയ നോക്കിക്കോളുമല്ലോ.ഇളയ

മകന്റെ ഭാര്യയാണ് അക്ഷയ.അവൾ

കുറച്ച് പരിഷ്കാരിയാണ്.അക്ഷയ

പഞ്ഞു:"എനിക്കാവില്ല".അപ്പോൾ

മൂത്തമകൻ ചോദിച്ചു "എന്തുകൊണ്ട്

സാധിക്കില്ല?.നിനക്ക് വേറെ പണിയൊന്നുമില്ലല്ലോ

.പിന്നെന്താ"."വേലക്കാരിയല്ലെ

ജോലിയെല്ലാം ചെയ്യുന്നത്."അപ്പോൾ

അക്ഷയ പറഞ്ഞു"എനിക്കിങ്ങനെ പണിയെടുത്ത്

പരിചയമില്ല.മാത്രമല്ല അങ്ങനെ ഞാൻ ചെയ്താൽ എന്റെ മുഖത്തിന്റെ

ഭംഗിയൊക്കെ പോവും."അവസാനം

തല്ലായി.ആകെ ഒച്ചപ്പാടും

ബഹളവും.ഏകാന്തമായിരുന്ന ആ വീട്

നിമിശ നേരങ്ങൾക്കുള്ളിൽ

മാറിയിരിക്കുന്നു.അമ്മ ഇതെല്ലാം കേട്ടുകൊണ്ട് വീടിന്റെ ഒരു മൂലയിൽ

ഇരിപ്പുണ്ടായിരുന്നു.മക്കൾ ഓരോ വാക്ക് പറയുമ്പോഴും അമ്മയുടെ നെഞ്ച്

പിടച്ചു,മിഴികൾ നിറഞ്ഞു.ഒന്നുറക്കെ കരയാൻ അമ്മയ്ക്ക്

സാധിക്കുന്നില്ല.കാരണം തനിക്ക്

അവിടെ ഒരു വിലയും ഇല്ല.അമ്മ ജനൽപാളികൾക്കിടയിലൂടെ പുറത്തേക്ക്

നോക്കി.പഴയ ചില ഓർമ്മകൾ അമ്മയുടെ മനസ്സിലേക്ക് കടന്ന്

വന്നു.മൂത്തമകനായ അതുലിനെ പണ്ട് സ്കൂളിൽ ചേർക്കാൻ അമ്മ

കൊണ്ടുപോയി.അവന്റെ അലമുറയിട്ടുള്ള

കരച്ചിൽ കേട്ട് അമ്മ ചോദിച്ചു:"എന്തിനാ

നീ കരയണത്? നിന്റെ അമ്മ എങ്ങോട്ടും

പോവില്യാട്ടാ.ഇവിടെത്തന്നെ

ഉണ്ടാവും.ഈ ഗെയ്റ്റിന്റെ

മതിലിനപ്പുറത്തുണ്ടാവൂട്ടാ."അങ്ങനെ

അമ്മ മകനെ ക്ലാസ്സിലിരുത്തി.മകന്റെ കരച്ചിൽ കേട്ടപ്പോൾ സ്കൂളിൽ നിന്നും

പോകാൻ അമ്മയ്ക്ക് കഴിഞ്ഞില്ല.അമ്മ മതിലിനപ്പുറത്ത് തന്റെ മകൻ

വരുന്നതുവരെ കാത്തിരുന്നു.അന്ന് തന്നെക്കാണാൻ കൊതിച്ചിരുന്ന തന്റെ

മകൻ ഇന്ന് തന്നെ അഗാതധതയുടെ

പടുകുഴിയിലേക്ക് തള്ളിവിടുന്നതു കണ്ടപ്പോൾ ആ പഠിപ്പുര വീട്ടിൽ ആദ്യമായി സാവിത്രിയമ്മയുടെ കണ്ണുനീർ ഇറ്റിറ്റുവീണു.അപ്പോഴതാ പുറത്തു നിന്നൊരു ശബ്ദം "അമ്മയെ നോക്കാൻ നമുക്കൊരു ഹോംനേഴ്സിനെ ഏർപ്പെടുത്തിയാലോ" രണ്ടാമത്തെ മകൻ പറയുകയാണ്.അതു കേട്ടപ്പോൾ അമ്മയുടെ തല കറങ്ങി.കാൽ നിലത്തുറപ്പിച്ചു നിർത്താൻ അമ്മയ്ക്കു കഴിഞ്ഞില്ല.അമ്മ കട്ടിലിലിരുന്നു.വീണ്ടും എന്തൊക്കെയോ ചിന്തിച്ചു കൊണ്ടിരുന്നു,പണ്ട് രണ്ടാമത്തെ മകനെ ഉറക്കിയതും താരാട്ടുപാടിക്കൊടുത്തതും.അന്ന് അവൻ രാത്രി ഒരു സ്വപ്നം കണ്ട് ഞെട്ടിയുണർന്നു."അമ്മേ........."എന്നൊരു വിളി.അമ്മ ഉടനെ മുറിയിലെത്തി.സ്വപ്നം കണ്ട് പേടിച്ച് അവൻ നിലവിളിക്കുന്നു.അമ്മ ചോദിച്ചു"എന്തു പറ്റി മോനേ.എന്തെങ്കിലും സ്വപ്നം കണ്ടോ?.സാരല്ല്യാട്ടോ അമ്മേനെ കെട്ടിപ്പിടിച്ച് കിടന്നോ".വിനീത് അമ്മയെ കെട്ടിപ്പിടിച്ച് സുഖമായി കിടന്നുറങ്ങി.എന്നാൽ അമ്മ അപ്പോഴും ഉറങ്ങിയിരുന്നില്ല.കുട്ടികൾക്കുള്ള പരിപ്പുകറി അടുക്കളയിൽ വച്ചു

കൊണ്ടായിരുന്നു അമ്മ വന്നത്."അത് കരിഞ്ഞുപോയോ".എന്നായിരുന്നു അമ്മയുടെ ചിന്ത.അപ്പോഴും പുറത്തെ ബഹളം അവസാനിച്ചിട്ടില്ല.അമ്മ ഇത്തിരി വെള്ളം കുടിക്കാനായി അടുക്കളയിലേക്കു പോയി. സ്റ്റൗ കത്തിച്ചു.അമ്മ ഓർത്തു തന്റെ ഇളയ മകനെ കുറിച്ച്.അവനിലായിരുന്നു അമ്മയുടെ പ്രതീക്ഷ മുഴുവനും.ആരൊക്കെ തന്നെ ചോദ്യം ചെയ്താലും അവൻ ഒന്നും പറയില്ലെന്ന് അമ്മയ്ക്കുറപ്പാണ്.അമ്മ ഓർത്തു.പണ്ട് സ്കൂളിലേക്ക് മീറ്റിങ്ങിനായി പോയപ്പോൾ നടന്നു പോകുന്ന വഴിയിൽ ഇളയമകനായ ആദിത്യൻ ഒന്നു വീണു.അവന്റെ കാലിൽ ഒരു മുള്ളു കൊണ്ടു.അവൻ നിലവിളിച്ചു.പക്ഷേ അവന്റെ കാലിലല്ല ആ മുള്ള് കയറിയത്,അമ്മയുടെ നെഞ്ചിലായിരുന്നു.അപ്പോൾ അവൻ അനുഭവിച്ചതിലും കൂടുതൽ വേദന അമ്മ അനുഭവിച്ചു.അമ്മ അപ്പോൾ തന്നെ തന്റെ സാരിയുടെ ഒരറ്റം കീറി അവന്റെ കാലിൽ ചോര നിൽക്കുന്നതിനായി കെട്ടിക്കൊടുത്തു.എന്നിട്ടും അവന്റെ

കരച്ചിൽ നിന്നില്ല.അമ്മ അവനെ വീട്ടിലേക്ക് കൊണ്ടുപോയി.മരുന്ന് വച്ച്

കെട്ടിക്കൊടുത്ത് അവനെ ഉറക്കി.അവൻ ഉണരുന്നതു വരെ അമ്മ അവന്റെ മുൻപിൽഉണർന്നിരുന്നു .അടുക്കളയിൽനിന്നും വെള്ളമെടുത്തുകൊണ്ട് മുറിയിലേക്കു പോയപ്പോൾ തന്റെ പ്രതീക്ഷകളുടെയെല്ലാം താളം തെറ്റി."അമ്മയെവൃദ്ധസദനത്തിലാക്കി യാലോ". അത് പറഞ്ഞത് തന്റെ ഇളയ മകനായിരുന്നു.അമ്മ ഒരിക്കലും അവനിൽ നിന്നും ഇങ്ങനെയൊന്നും പ്രതീക്ഷിച്ചില്ല.അപ്പോഴതാ മൂത്തമകൻ"പതുക്കെ പറ, അമ്മ കേട്ടാൽ നാണക്കേടാ.മാത്രമല്ല അമ്മയെ വൃദ്ധസദനത്തിലാക്കണ്ട.ആൾക്കാരറി ഞ്ഞാൽ ചീത്തപ്പേര് നമുക്കാ".അപ്പോൾ അക്ഷയ പറഞ്ഞു"അപ്പോ അമ്മയെ എവിടെ നിർത്തും".ഉടനെ തന്നെ പ്രീത പറഞ്ഞു"നമുക്ക് അമ്മയെ ഒരാഴ്ച്ച ഞങ്ങടെ വീട്ടിൽ,ഒരാഴ്ച്ച അക്ഷയേടെ വീട്ടിൽ.ഒരാഴ്ച്ച രമ്യയുടെ വീട്ടിൽ അങ്ങനെ നിർത്താം".അങ്ങനെ അവസാനം അവരെല്ലാവരും അമ്മയെ ഓരോ ആഴ്ച്ചയും ഓരോ മക്കളുടെ വീട്ടിലാക്കാൻ നിശ്ചയിച്ചു.ആദ്യം മൂത്തമകന്റെ വീട്ടിലേക്ക്. പെട്ടിയും തുണികളും എല്ലാം എടുത്ത് അമ്മ തന്റെ തുണികൾ ബക്കറ്റിൽ കഴുകിയിട്ടിരിക്കുന്നത് അവൾകണ്ടു.അവൾ ഓടി അമ്മയെ തള്ളിയിട്ടുകൊണ്ട് പറഞ്ഞു"നിങ്ങളെന്താ ഈ ചെയ്യുന്നത് തള്ളേ".അമ്മ പറഞ്ഞു "മോൾടെ തുണി ഞാൻഅലക്കിക്കോളാം മോളെ".അപ്പോൾ അവൾ പറഞ്ഞു "ഇതിങ്ങനെ അലക്കാനൊന്നും പറ്റില്ല .വിലപിടിപ്പുള്ള തുണികളാ.വാഷിംഗ് മെഷിനിൽ വേണം അലക്കാൻ.ഇനി ഈ വീട്ടിലെ ഒരു സാധനവും  നിങ്ങൾ കൈകൊണ്ട്തൊട്ട്പോകരുത്".അമ്മയു ടെ മനസ്സിൽ പെരുമഴ പെയ്തു.പിറ്റേ ദിവസം മകനും മരുമകളും പേരമക്കളും ഒരു കല്യാണത്തിന് പോയപ്പോൾ അമ്മ ചിന്തിച്ചു"തനിക്കിനി ഇവിടെ നിൽക്കാൻ കഴിയില്ല.എന്നെ സ്നേഹിക്കാൻ ആരുമില്ല".അടുത്ത മടക് യാത്രയ്ക്ക് കാത്തിരിക്കാതെ അമ്മ ആരോടും പറയാതെ തന്റെ സാധനങ്ങളെടുത്ത് അവിടുന്ന് യാത്രയായി.അടുത്തുള്ള വൃദ്ധസദനത്തിലേക്ക്.അവിടെ അമ്മ സുരക്ഷിതയാണ്.അവിടെ അമ്മയെ സ്നേഹിക്കാൻ ഒരുപാടാളുണ്ട്.അങ്ങനെ മടക്കയാത്രകൾക്കെല്ലാം വിരാമമിട്ട് അമ്മ വൃദ്ധസദനത്തിലേക്ക് നടന്നുനീങ്ങി.....

**********

# അമ്മ



-അമൃത.എ.വി

നിറഞ്ഞ തെരുവ് തെരുവിനു മദ്ധ്യേ മരിച്ചു കിടക്കുന്ന ഒരുസ്ത്രീ
എല്ലാവരുടെയും മുഖം
ദുഖപൂരിതമായിരുന്നു ജീവിതം
മുഴുവൻ ദുഖങ്ങളനുഭവിച്ച അവൾ മറ്റൊരു ലോകത്തേക്ക് യാത്രയായി ആളുകൾ മുഴുവൻ തിങ്ങി
നിറഞ്ഞ ആ തെരുവിൽ ഒരാളുടെ അസാന്നിദ്ധ്യമുണ്ടായിരുന്നു. അവളുടെ ഏക മകൾ.
ആ മകൾക്ക് വേണ്ടിയാണ് അവൾ തൻെ ജീവിതം ഹോമിച്ചത്.എവിടെയാവാം ആ മകൾ? അവളെക്കുറിച്ചറിയാൻ ഇവരുടെ ഭൂതകാലകവാടം ഒന്നു തുറന്നുനോക്കാം. ഒരാശുപത്രി വരാന്ത മനസ്സിൽ തന്നെ വേദനകളും ദു:ഖങ്ങളും അടക്കിപിടിച്ച് പ്രത്യാശയോടെ നടക്കുന്ന ഒരച്ഛൻ. പ്രസവമുറിയില്ലന്റെമകനോ,മകൾക്കോ വേണ്ടി കാത്തിരിക്കുന്ന നിസ്സഹായിയായ ഒരമ്മ. അവൾ ഒന്നും അറുയുന്നില്ല. ഏതാനും നിമിഷങ്ങൾക്കകം
ശിശുപിറവിയെടുത്തു. മനോഹരമായ ഒരു പെൺക്കുഞ്ഞ് റോസാപ്പൂ പോലുള്ള ചുണ്ടുകളും തുടുത്ത കവിളുകളും ആരെയും മോഹിപ്പിക്കുന്ന ചർമ്മവും
അവൾക്കുണ്ടായിരുന്നു. പുറത്തുനിന്ന അച്ഛൻ കുട്ടിയുടെ കരച്ചിൽ കേട്ട് സന്തോഷഭരിതനായി. അവന്റെ നേത്രങ്ങളിലൂടെ ആനന്ദ കണ്ണീർ പൊഴിഞ്ഞു എന്നാൽ ആ ആനന്ദകണ്ണീർ നിമിഷങ്ങൾ പോലും നീണ്ടുനിന്നില്ല.ആശുപത്രിക്കരികിൽ വെടിയുണ്ടകളുടെ സ്വരം കേട്ട് ആ അച്ഛൻ പതറി.പലയിടങ്ങളിൽനിന്നും
നിലവിളികളുയർന്നു ഒടുവിൽ ആ നിലവിളികൾ ആശുപത്രികളിൽനിന്നും ഉയരേണ്ടതായി വന്നു.കറുത്ത വസ്ത്രമണിഞ്ഞ് സിഖ് യുവാക്കളെപ്പോലെ തലയിൽ തലപ്പാവ് നീട്ടിവളർത്തിയ താടിയുമായി ഒരു കൂട്ടം യുവാക്കൾ കൈകളിൽ തോക്കുകൾ.അവൾ ആ തോക്ക് ഓരോരുത്തരുടേയും നേരെ ചൂണ്ടി.നിരപരാതിയായ ഓരോരുത്തരെയും അവർ കൊന്നൊടുക്കി. അടുത്ത ഊഴം ആ പാവം പിതാവിന്റേതായിരുന്നു.തന്റെ നേരെ വന്നു നിന്ന അവരെ കണ്ടപ്പോൾ

ആ അച്ഛന്റെ ഹൃദയം
നുറുങ്ങി. മരണത്തിനായി ഒരുങ്ങാൻ
അയാൾ തയ്യാറായി. അവസാനമായി
എന്തെങ്കിലും ആഗ്രഹമുണ്ടോ എന്ന
ചോദ്യത്തിന് തന്റെ പിഞ്ചുകുഞ്ഞിനെ
ഒന്ന് കാണണമെന്ന് ആ പിതാവ്
പറഞ്ഞു. പിഞ്ചുകുഞ്ഞുണ്ടെങ്കിൽ
അതിനെയും കൊന്നൊടുക്കുക എന്ന്
ഭീകരർ പരസ്പരം പറഞ്ഞു. ആ
പിതാവിന് നേരെ വെടിയുതിർത്ത്
അവർ നീങ്ങി. ആശുപത്രി വരാന്തയിൽ
ചോരയിൽ കുളിച്ച് ആ പിതാവ്
കിടന്നു.ആരും സഹായിക്കാനില്ലാതെ
നിസ്സഹായനായി കിടന്ന ആ
പിതാവിൻെ അവസ്ഥ
ദയനീയമായിരുന്നു. അതുകൊണ്ടും
അവർ നിർത്തിയില്ല. ആശുപത്രി മുഴുവൻ
തല്ലി തകർത്തു. സകല മനുഷ്യരെയും
കൊന്നൊടുക്കി. കൂട്ടത്തിൽ ആ
അമ്മയേയും പിഞ്ചുകുഞ്ഞിനേയും അവർ
കണ്ടു.എന്തുകൊണ്ടോ അവരെ
മരണത്തിനുകൊടുക്കാൻ അവർക്കു
തോന്നിയില്ല. ആ ആശുപത്രിയിൽ ആ
അമ്മയും മകളും
തനിച്ചായി.ആരൊക്കെയോ വന്ന്
പിഞ്ചുകുഞ്ഞിനേയും
എടുത്തുകൊണ്ടുപ്പോയി .അപ്പോഴും ആ
അമ്മയെ സഹായിക്കാൻ
ആരുമെത്തിയില്ല. ദിവസങ്ങൾക്കുശേഷം
പ്രദേശവാസികൾ ആ അമ്മയെ
അനാഥാലയത്തിലേക്ക്
നൽകി.അവിടുത്തെ
ശുശ്രൂഷകൾ അമ്മയെ പരിചരിച്ചു.
എന്നാൽ മാസങ്ങൾക്കു ശേഷം ആ
ശുശ്രൂഷകർ അമ്മയെ പരിചരിച്ചു.
എന്നാൽ മാസങ്ങൾക്കുശേഷം ആ
ശുശ്രൂഷ അടിമ പണിയിലേക്കു മാറി.
അനാഥാലയത്തിലെ കുട്ടികളെ നോക്കി
അവരെ കുളിപ്പിച്ചും അവർക്ക് ഭക്ഷണം
വിളമ്പിയും ആ അമ്മ അവിടെ കഴിഞ്ഞു.
അനാഥാലയത്തിലെ ഓരോ കുട്ടിയെ
കാണുമ്പോഴും തന്റെ, താൻ കണ്ടിട്ടു
പോലുമില്ലാത്ത മകളെ ഓർമ്മ വരും.
തൻെ മകൾ എവിടെയോ
ജീവിച്ചിരിപ്പുണ്ടെന്ന് അവൾക്ക്
അറിയാമായിരുന്നു. അവളെ
എങ്ങനെയെങ്കിലും കണ്ടെത്തണം
എന്നത് മാത്രമായിരുന്നു അവളുടെ
ലക്ഷ്യം.ഓരോ ജോലി ചെയ്യുമ്പോഴും
വലിയൊരു ദു ഖം മനസ്സിൽ പേറിയാണ്
അവൾ നടന്നത്. സ്വന്തം മകളെ
കാണുക. അവളുടെ ഓരോ നീക്കവും
അതിനുവേണ്ടിയായിരുന്നു. ഒൻപത്
മാസം ചുമന്ന് അവൾക്കു വേണ്ടി
ത്യാഗങ്ങളനുഭവിച്ച് പ്രസവിച്ച ആ
അമ്മയ്ക്ക് സ്വന്തം മകളെ കാണാൻ
കഴിയുന്നില്ല എന്നത് എത്ര ദു ഖകരമായ
അവസ്ഥയാണ്.തൻെ കുട്ടി
ആൺകുട്ടിയെന്നോ

,പെൺകുട്ടിയെന്നോ അവൾക്കറിയില്ല. എങ്കിലും അനാഥാലയത്തിൽ നിന്ന് അവളിറങ്ങി.അവളുടെ കുട്ടിയെ കാണുക എന്ന ലക്ഷ്യത്തോടെ.

നിരവധി വീടുകളിലും അനാഥാലയങ്ങളിലും ആശുപത്രികളിലും അവൾ മകൾക്കായി കയറിയിറങ്ങി. ഒരു മേൽവിലാസവുമില്ലാതെ എങ്ങനെ തിരയും.കാണിക്കാൻ ഒരു ചിത്രവുമില്ല. പറയാൻ കുട്ടിയെ കണ്ടിട്ടുമില്ല .വളരെ ദുഖകരമായ അവസ്ഥ ഇതിനിടയിൽ ആഴ്ച്ചകളും, മാസങ്ങളും,വർഷങ്ങളും കടന്നു പോയി. തന്റെ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാതെ അവൾ മുന്നേറി. അവൾ ദൈവത്തെ തന്നെ കുറ്റപ്പെടുത്താതെ തുടങ്ങി. എനിക്ക് എന്തിനിങ്ങനെയൊരു വിധി. അവൾ പലപ്പോഴും പറയുമായിരുന്നു. ഭർത്താവും ബന്ധുക്കാരും കൈവിട്ട അവളെ പലരും പലപ്പോഴും പരിഹസിച്ചിരുന്നു. പലരും വേട്ടയാടൻ ശ്രമിച്ചു. എങ്കിലും പ്രതിസന്ധികളെ തരണം ചെയ്ത് അവൾ മുന്നേറി. ഒടുവിൽ അവൾക്കെവിടെ നിന്നോരറിവ് കിട്ടി. തൻെ കുട്ടിക്ക് ഒരു വലിയ ഉദ്യോഗകയറ്റം കിട്ടി വലിയ നിലയിലാണെന്ന് അവളുടെ ഹ്ദയം സന്തോഷത്താൽ നിറഞ്ഞു തൻെ കുട്ടിയെ ഉടനെ കണ്ടെത്തി അവൾക്കുമൊത്ത് സ്ഔഭാഗ്യ പരമായ ഒരു ജീവിതം സ്വപ്നം കണ്ടു. അന്വേഷണത്തിനൊടുവിൽ തനിക്ക് മകളാണെന്നും ധനികരായ ഒരു മാതാപിതാക്കളുടെ മകളായി വളരുകയുമാണെന്ന്. എല്ലാ പ്രത്യാശയും പ്രതീക്ഷകളും ഉള്ളിലടക്കി അവൾ ആ വീടിന് മുൻപിലെത്തി. രണ്ട് നില വീട്. കാവൽക്കാരൻ ആരാണെന്ന് ചോദിച്ചു. മകളെ കാണണമെന്ന് മറുപടി. ഇവിടെ ആരുടേയും മകളിലെന്ന് എതിർത്തു. ഒടുവിൽ കാവൽക്കാരൻ വീട്ടുടമയെ വിവരമറിയിച്ചു. കാര്യം തിരിച്ചറിഞ്ഞ മാതാപിതാക്കൾ പലതും പറഞ്ഞ് ഒഴിവാക്കാൻ ശ്രമിച്ചു.ഒടുവിൽ മകളെ വിവരമറിയിച്ചു. തന്നെ ഉപേക്ഷിച്ച അമ്മ പണവും പത്രാസുമെല്ലാം മകൾക്കു കൈവന്നു എന്നു കണ്ടപ്പോൾ തിരികെ എത്തിയിരിക്കുന്നു എന്ന് കള്ളകഥപറഞ്ഞ് വിശ്വസിപ്പിച്ചു. ആ കഥ വിശ്വസിച്ച അവൾ തനിക്കാരെയും കാണേണ്ടെന്ന് ആരെയും ആവശ്യമില്ലെന്നും പറഞ്ഞു. ഇത് കാവൽക്കാരൻ ആ അമ്മയെ അറിയിച്ചു. ഇല്ല തന്റെ കുട്ടി അങ്ങനെ പറയില്ലെന്ന് അവൾ പറഞ്ഞു. അപ്പോൾ മകൾ അകത്തുനിന്ന് ഉറക്കെ

വിളിച്ചു പറഞ്ഞു. തനിക്കാരെയും കാണേണ്ട. ഇതു കേട്ട ആ അമ്മയുടെ ഹൃദയം തകർന്നു. താനിത്രയും കാലം ജീവിച്ചത് ആർക്കുവേണ്ടിയായിരുന്നുവെന്ന് അവൾ ചിന്തിച്ചു. പണവും പത്രാസുമായപ്പോൾ തന്റെ മകൾക്ക് തന്നെ വേണ്ടെന്ന് അവൾ കരുതി അവൾ അവിടെനിന്നു മടങ്ങി.ഇനിയൊരു മടക്കയാത്ര ഉണ്ടെങ്കിൽ അത് മരണത്തിലേക്കെന്ന് അവൾ തീരുമാനിച്ചു അങ്ങനെ തകർന്ന മനസ്സോടെ അവൾ തന്റെ ജീവൻ ഹോമിച്ചു. അങ്ങനെ നിറഞ്ഞ തെരുവിൽ അവൾ ഒറ്റയ്ക്ക് മരണമടഞ്ഞ് കിടന്നു. ഇങ്ങനെ പലരുടേയും വഞ്ചന മൂലം മരണത്തിനിരയാകുന്ന പലരും ഇന്നത്തെ സമൂഹത്തിലുണ്ട്. അതിനൊരു ഉദാഹരണമാണ് ഈ കഥയിലെ അമ്മ. ഇങ്ങനെ ഈ വിധത്തിൽ ജീവൻ പൊലിയാതിരിക്കാൻ നമുക്ക് ശ്രമിക്കാം.



# സ്നേഹത്തിൻെറ മടക്കയാത്ര



അൽവിന.കെ.വി

ഒരിക്കൽ ഒരു പട്ടണത്തിൽ ഒരു സ്വർണവ്യാപാരി ജീവിച്ചിരുന്നു. താൻ ചെയ്യുന്ന ജോലിയിൽ കൃത്യതയും സത്യസന്ധതയും കാണിച്ചിരുന്നു. ഒരാൾ മററുള്ളവരോട് വളരെ

സ്നേഹത്തോടെയാണ് പെരുമാറിയിരുന്നത് അന്തസ്സോടെ ഏങ്ങനെ ജീവിക്കണമെന്ന് അയാൾക്കറിയാമായിരുന്നു മറ്റുസ്വർണ്ണവ്യാപാരികളെ പോലെ അഹങ്കാരം അദ്ദേഹത്തിനുണ്ടായിരുന്നില്ല.സ്നേഹം കടഞ്ഞെടുത്ത ഒരു വ്യക്തിയായിരുന്നു അദ്ദേഹം അദ്ദേഹത്തിന്റെ പേര് നരായണൻ എന്നായിരുന്നു. അസൂയയും ദേഷ്യവും നിറഞ്ഞുന്നിരുന്ന തന്റെ മകളെ സത്യസന്ധതയുടെ

ആത്മാർഥയുടെ
വഴിയിലേക്ക് തിരിചതും നാരായണന്റെ
കഴിവുകെ യിരുന്നു. തന്റെ മകളുടെ
കല്യണം അടുത്തു തുടങ്ങി
അതിനാവശല്യമുള്ള സാധനങ്ങൾ
വാങ്ങാനായി മറ്റൊരു നഗരത്തിലേക്ക്
അദ്ദേഹത്തിന് പോകേ വന്നു. അതുകേ
തനേ അദ്ദേഹം തന്റെ കട വിശ സ്തനായ
മറ്റൊരു കൂട്ടുക്കാരനെ ഏൽപ്പിച്ചു.
സാധനങ്ങൾ വാങ്ങി  തിരികെ
വന്നപ്പോൾ അയാളുടെ  കടയിലെ
സ്യർണങ്ങളോന്നും കാണാനില്ല  . ആ
കൂട്ടുക്കാരനും ഉണ്ടായി  തിന്മയുടെ ഒരു
കണിക്കപോലും തീ ത്ത അയാൾക്ക
വളരെ വിഷമമായി.
പ്രസാദരഹിതമായിരുന്ന  അയാളുടെ
മുഖം ദുഃഖത്തിലാ പോയി മകളുടെ
കല്യണം നടത്താൻ ഏറെ പരിശ്രമിടച്ച
അദ്ദേഹത്തിന് നിരാശനായി  മകളുടെ
കല്യണം നടത്താൻ ഉദ്ദേശിച്ചിരുന്ന
വിട്ടുകാരോട് സമയം നീട്ടികിട്ടാൻ
ചോദിച്ചപ്പോൾ പറ്റില  ഏന്ന് പറഞ്ഞു
മകളുടെ കല്യണം നടത്താൻ
അദ്ദേഹത്തിന് സാധിച്ചില
സ്ലേഹത്തിന്റെ അമൃത് ഹൃദയത്തിൽ
നിറച്ചുവച്ചിരുന്ന അയാളുടെ ഹൃദയത്തിൽ
അദ്ധകാരം നിറഞ്ഞൊഴുകി ഏറെ
നിസ്സഹയരായി മകളെയും ഭര്യേയെയും
പോലും ആശ്യസിപ്പിക്കാനുഴള്ള കരുത്തു
പോലും അദ്ദേഹത്തിനുഠായിരുന്നില.
താൻ ഒറ്റപ്പെട്ട ലോകത്ത് ജീവിക്കനുള്ള
കരുത്ത് അയാളെ വിട്ട് പോയാ

മറഞ്ഞു. അയാൾ ജീവീതം
അവസാനിപ്പിക്കാൻ തുനിഞ്ഞിറങ്ങി.
അയാൾ ആത്മഹത്യചെയ്തു അതിൽ
നിസ്സാഹായരായി  തന്റെ ഭാര്യയും
മക്കളും അങ്ങനെ സ്റ്റ്നേഹത്തിന്റെ
നിറക്കുടമായ നാരായണൻ തന്റെ
ജനനനാട്ടിൽ നിന്ന് സ്വർഗത്തിലേക്ക്
മടക്കയാത്രയായി.

**************************

# മടക്കയാത്രയുടെ വേദന



-ജിസ്സ ജോൺസൺ

ഏത് യാത്രയുടെ
പിന്നിൽഒരുമടക്കയാത്രയുണ്ട്
.സനേഹിക്കുന്ന ഒരാളെ  വിട്ട്
മടങ്ങുമ്പോൾഅവിടെഒരുസങ്കടകടലുണ്ട്.

യാത്ര എല്ലാവർക്കും
ഇഷ്ടമാണ്.ഒരു കുട്ടിയുടെ വിഷമത്തിന്റെ
മടക്കയാത്രയെക്കുറിച്ചാണ് കഥ
അവതരിപ്പിക്കുന്നത്.ഈ കുട്ടിയുടെ
യാത്ര വനത്തിലേക്കാണ് അവൻെറ
ആഗ്രഹവും സ്വപ്നവും എല്ലാം ആ
യാത്രയാണ്.പലതരം പ്രതിസസ്ധികൾ
വന്നിട്ടും അതിനെ പിടിച്ച് നിന്ന്
മുന്നോട്ട് പോകാൻ അവന്
പറ്റി.അങ്ങനെ ഒരു ദിവസം സ്കൂളിൽ
നിന്ന്  അവൻ അവൻ വനത്തിലേക്ക്
പോയി.അവൻ ആ വനത്തിൽ കാണുന്ന
കാഴ്ചകൾ എല്ലാം തന്നെ അവൻെറ
സ്വപ്നങ്ങളിൽ കണ്ട പോലെ
തന്നെയായിരുന്നു.വനത്തിൻെറ
ഐശ്വര്യം ആ പച്ചപ്പ് തന്നെയാണ്.
പച്ചപ്പ് ഒരു വീടാണ് ആ വീട്ടിലുള്ള
അംഗങ്ങളാണ് അവിടെ കാണുന്ന
ഓരോ മൃഗങ്ങളും ആ കുടുംബത്തിൽ ഒരു
അതിഥിയായിട്ടാണ് ഈ കുട്ടി
പോകുന്നത്.അവൻ പോകുന്ന വഴിയിൽ
അവൻ ഓരോ അടയാളങ്ങൾ വരച്ച്
വെയ്ക്കും.ആ വരകൾ പോകുമ്പോൾ
അവനെ സഹായിക്കും.മുന്നോട്ടു
പോകുംതോറും അവിടെ കാണുന്ന
മൃഗങ്ങൾ അവനെ ആഹാരമാക്കാനും
സാധ്യതയുണ്ട്.അവന്
വിശപ്പുണ്ടായിരുന്നു.വെള്ളച്ചാട്ടത്തിൽ
നിന്ന് വെള്ളം കുടിച്ചും വൃക്ഷങ്ങളിൽ
നിന്ന് മധുരമായ പഴങ്ങൾ തിന്നും
മുന്നോട്ട് പോയി പെട്ടെന്ന് തന്നെ
രാത്രിയായി.അവൻ ആ രാത്രിയെ
പേടിച്ചില്ല.കാരണം അവന്റെ ആഗ്രഹം
ആ വനത്തിന്റെ മുകളിൽ കാണുന്ന
കുന്നിൽ ഇരിക്കണം എന്നതാണ്.
മുന്നോട്ട് പോയപ്പോൾ ഒരു പുലി.അവൻ
ഓടിയില്ല.പേടിച്ചില്ല.അവന്റെ മുഖത്ത്
ഐശ്വര്യമായ ചിരി അപ്പോളും
നിലനിന്നു.ആ ചിരിയിൽ ആ പുലി
മയങ്ങിപ്പോയി.അവന്റെ സുഹൃത്തായി
പുലി മാറി.അതിന് കാരണം ആ
പുഞ്ചിരിയാണ്.പിന്നെ പുലിയുടെ
സുഹൃത്തുക്കൾ എല്ലാം അവന്റെ
സുഹൃത്തുക്കളായി.പിന്നെ ആ വനം
അവന്റെ നാടായി പുലിയുടെ വീട്
അവന്റെ വീടായി.പക്ഷെ എത്ര നാൾ
ഇതിന് സാധിക്കും. അവന് പോകണം.
അവന്റെ അമ്മയും അച്ഛനും അവനെ
കാത്തിരിക്കുന്നുണ്ടാവും.അവന്
അതറിയാം.പക്ഷെ ഇവരുടെ
സ്നേഹത്തെ വിട്ട് പോകാനും അവന്
തോന്നിയില്ല.അവൻ തിരിച്ച് പോകാൻ
തീരുമാനിച്ചു.അവൻ വരച്ചിട്ട
അടയാളങ്ങൾ ഒന്നും തന്നെ
കാണുന്നില്ല.ആ മഴയിൽ അത് എല്ലാം
നശിച്ചു.ദൈവത്തിന്റെ വിധി അവന്
ഇവിടെ ജീവിക്കണം എന്നാവും.പക്ഷെ
ആ അമ്മയുടെ കണ്ണീരും

ദൈവം കാണും. അങ്ങനെ
ആ വനത്തിൽ
പോലീസ്എത്തി
.അവനെകൊണ്ടുപോകാൻ.അവൻ
പോകുന്നത് കേട്ടു ആ

മൃഗങ്ങളുടെകണ്ണിൽനിന്ന്കണ്ണീർചാടി
.സ്നേഹത്തിന്റെകണ്ണീർ.ആ മടക്കയാത്ര
അവനെ മരിക്കാൻ പോലും
തോന്നിച്ചു.യാത്രയിലുടനീളം
സന്തോഷിച്ച അവന് മടക്കയാത്രയിൽ
സന്തോഷിക്കാൻ തോന്നിയില്ല.അതാണ്
പറഞ്ഞത് സ്നേഹിക്കുന്നവർ തമ്മിൽ
പിരിയുമ്പോൾ അവിടെ ഒരു
വിഷമമുണ്ടാകും.അതുകൊണ്ട് ഈ
ജീവിതം മുഴുവൻ ഒരു യാത്രയായി
തീരാൻ അനുഗ്രഹം തരണം എന്ന്
ദൈവത്തിനോട്
പറയാം.മടക്കയാത്രയിൽ കരയാൻ ഒരു
കാര്യവും ഉണ്ടാകാതിരിക്കാനും
പ്രാർത്ഥിക്കാം.

# വേദനകൾ സമ്മാനിച്ച് രണ്ട് വ്യക്തികൾ.....



അഞ്ജന.എം.എസ്

ഞാൻ എന്നിൽ നിക്ഷേപിച്ചിരുന്ന പേര്
അവളുടെതായിരു-ന്നു.അവളുടെതു മാത്രം.
അവൾക്കായി എൻ ഹൃദയം ഞാൻ
തുറന്നിട്ടു,ഒരിക്കലും അടഞ്ഞു പോകാത്ത
തരത്തിൽ.ഒരിക്കലുംപരസ്പരം
സംസാരിക്കാത്ത അവളുമായി എങ്ങനെ
ഞാൻ ഒരു ഹൃദയബന്ധം പുലർത്തും.
ഞാൻ ജീവിച്ചിരുന്ന എന്റെ
കാഴ്ചപാടിലെ ജീവിതത്തിലെ ഏടുകൾ
ഞാൻ അവൽക്കായി കീറിക്കളയേണ്ടി
വന്നു. ബാക്കിയുള്ള ആ ഏടുകളിൽ
ഞാൻ അവളുടെ മുഖം പതിപ്പിച്ചു.
പറഞ്ഞറിയിക്കാൻ പറ്റാ-
ത്ത അത്രയും വിധം എന്തൊരു ബന്ധം
ഞങ്ങളിൽ

കുടിക്കൊള്ളുന്നതുപ്പോലെ.
ഇതുവരെ അവളുടെ മുന്നിൽ എനിക്ക്
എന്റെ ഹൃദയത്തിന്റെ പുസ്തകം തുറക്കാൻ
കഴിഞ്ഞിട്ടില്ല.
കത്ത്,റോസാപ്പൂ,സുഹൃത്ത്
എന്നിങ്ങനെയുള്ള വഴികൾ എന്റെ
മനസ്സിൽ വന്നു പിറന്നെങ്കിലും ഞാൻ
അത് ഉൾക്കൊണ്ടില്ല. ഒരിക്കൽ അവൾ
എന്നിൽ നിന്ന് അകന്നു
പോകുന്നതുപ്പോലെ എന്നിക്ക്
തോന്നി,അന്ന് എന്റെ ജീവിതത്തിന്റെ
താളം തെറ്റി.ഞാനൊരു
ഭ്രാന്തനെപ്പോലെയാകാൻ തുടങ്ങി.ഭ്രാന്ത്
എന്നിക്ക് ഇല്ലെ -
ങ്കിലും അവളുടെ ഓർമ്മകൾ എന്നെ
ഭ്രാന്ത് പിടിപ്പിച്ചു, ഭ്രാ-
ന്തനെപ്പോലെ എന്നിക്ക് അലറാൻ
തോന്നി,എങ്കിലും ഞാൻ
അലറിയില്ല.ഒരു മിന്നൽ പോലെ
അവളുടെ മുഖം
എൻ മനസ്സിലൂടെ ഒന്ന്
പാറപ്പോയി.അപ്പോൾ മുതൽ അവ-
ളുടെ ഓർമ്മയാകുന്ന മഴയിൽ ഞാൻ
കുളിച്ചു നിന്നു. മഴ എന്നിക്ക്
ഇഷ്ടമാണ്,എന്നാൽ എൻ കണ്ണീരാകുന്ന
ആ മഴ-
യെ ഞാൻ വെറുത്തു.ആ മഴയിലൂടെ
ഞാൻ അവളുടെ ഓർമ്മകളാകുന്ന വഞ്ചി
ഒഴിക്കി വിട്ടു, ആരുമായി ഒരിക്കലും
ബന്ധപ്പെടാത്ത തരത്തിൽ ആ വഞ്ചിയെ
ഞാൻ ദൂരെക്ക്ഒഴുക്കി.
* * * * * * * * * * * * * * * * * * * * *
* * * * * * * * *
ഞാൻ ഇപ്പോൾ ഗുജറാത്തിലാണ്.ഒരു
ഡോക്ടറായി ഞാൻ
ഇവിടെ ജോലിച്ചെയുന്നു.എനിക്ക്
ഇവിടെ ആകെയുള്ളത്
എന്നെ പ്രസവിച്ച ,എന്നെ വളർത്തിയ
എന്നിക്കു താങ്ങാ-
യി തണലായി നിന്ന അമ്മ മാത്രമാണ്.
ഞാൻ ജോലി ക-
ഴിഞ്ഞ് തിരികെ വരുന്നത് ഒരു ആറ്
മണിയോടടുക്കും.
വീട്ടീലെ ടി.വിയിൽ ഒരു പഴയ
സീരിയൽ കണ്ട് കൊണ്ടി-
രിക്കുന്ന അമ്മയെയാണ് ഞാൻ എന്നും
കാണുക. അമ്മ എന്നെ
കാത്തിരിക്കുകയാണ് എന്ന മട്ടിൽ ഞാൻ
അമ്മ-
യോട് കുശലാന്വഷണങ്ങൾ ചോദിക്കും.
അതിന് മറുപടി-
യായി അമ്മ ഒരു ചിരി
നൽകിക്കൊണ്ട് അടുക്കളയിലേക്കു
പോകും. ഒരിക്കൽ, അമ്മ എന്നും
ഇരിക്കാറുള്ള ആ ചാരുക-
സേരയിൽ ,ചിരിച്ചു കൊണ്ടിരിക്കുന്ന
അമ്മയെ നോക്കി

ഞാൻ ഒന്ന് ചിരിച്ചു,
അതിനു ശേഷം ഞാൻ മുറിയിലെക്കു
പോയി. മുറിയിൽ നിന്ന് ഞാൻ പുറത്ത്
ഇറങ്ങിയപ്പോഴും
അമ്മയുടെ ഇരിപ്പിൽ വ്യത്യാസം
കണ്ടില്ല. പിന്നെ ആ സ-
ത്യം ഞാൻ മനസ്സിലാക്കി. എന്നെ
തനിച്ചാക്കി അമ്മയും.....
ഇവർ രണ്ടു പേരും ജീവിതത്തിന്റെ
അർഥം എന്നെ മന-
സ്സിലാക്കിയതിനു ശേഷം എന്നെ
തനിച്ചാക്കി. ഇനി ഒരു
ഭ്രാന്തനെ പോലെ ഞാൻ എന്റെ
ജീവിതം തുടരുന്നു.......



# മിടിക്കുന്ന ഒരു ഹൃദയം

-ആരഭി ഇ.കെ

ആർത്തിരമ്പി പിശാചിനെ പോലെ
വരുന്നു ആവൻ....
അടങ്ങാത്ത നൊമ്പരത്തെ
വിതുമ്പിത്തീർക്കാൻ
ഭൂമിദേവതയുടെ സങ്കടങ്ങൾ തന്നിലേക്ക്
വാർത്തെടുത്ത്
തോരകണ്ണീരയി അവൻ വരാനൊരിങ്ങി
കർക്കിടക കാറ്റിൽ മന്ദം മന്ദം
നീങ്ങുകയാണ് അവൻ
ഏതോ ഒരു രാത്രിയിൽ
വിതുമ്പിത്തുടങ്ങിയ ദേവതയുടെ-
കണ്ണീർതോരാറായിട്ടില്ല.
അവളുടെ കണ്ണീരിൽ പൊലിഞ്ഞത്
ആയിരക്കണക്കിന് ജീവിതങ്ങൾ,
ഇന്നും തോരാത്ത
കണ്ണീരായിവിതുമ്പുകയാണവൾ...

എന്നിട്ടും ജീവിക്കാനുള്ള
ആഗ്രഹത്തിൽ
അവളുടെ ഹൃദയം തുടിക്കുന്നു
ആ ഹൃദയത്തിന്റെ ഓരോ മിടിപ്പിലും
അവർ കാതോർക്കുന്നു പിരിഞ്ഞു പോയ
ആ വസന്തകാലത്തെ...
ഇനിയെന്തിനീ കാലം ഇനിയെന്തിനീ
പുതുജീവീതമെനിക്ക്
കരുതുന്നു അവൾ ഓരോ
ഇടവേളയിലും..അവൾ ജീവിക്കും ഈ
ഭൂമിലോകത്ത്ഭൂമിയെ
കാതോർത്ത്,ഭൂമിയെ നെഞ്ചിലേറ്റി
ഭൂമിയുടേ നൊമ്പരങ്ങൾ അവളുടെ
നൊമ്പരമാക്കിമിടിക്കുന്ന ഹൃദയവുമായി
അവൾ മാത്രം.....
************

# മഴയെ.....

# മഴയെ.....

മഴയെ....മഴയെ....മഴയെ....
ആദ്യമെൻ നെഞ്ചിലെതണുപ്പായി വന്ന
നീ.
ചിന്നി തുളുമ്പും ഒരു നീർ തുള്ളിയായി
വന്ന നീ...
വീടിനു പുറത്ത് ഒരു വെള്ളപ്പാച്ചിലിന്റെ
കൗതുക മുണർത്തുന്ന ആരവം.
എൻ വിദ്യാലയാങ്കണത്തിൽ നിന്നു
മണി നാദം-ഉയരുമ്പോൾ ഒരു
കൊടുംങ്കറ്റായി നി എൻ
കുടയിലെ മാളികയിൽ പതിച്ചു.
വീട്ടുമുറ്റത്തെ തൊടിയിൽ കൊച്ചു കൊച്ചു
പരൽമീനുകൾ തലപൊക്കി...
മഴ എന്നും എൻ മനസ്സിനെ
കുളിരണിയിച്ചു.
മഴ പാട്ടും നേരം എൻ കാതുകൾ
കാതോർത്തു...പീന്നീടെനിക്ക് മഴ ഒരു
ഹരമായി എൻ ജീവിതവേളയിൽ ഒരു
നേരം ഞാൻ എൻ മഴക്കുവേണ്ടി
കാത്തിരുന്നു.
മെല്ലെ മെല്ലെ ഞാൻ മനസ്സിലാക്കി എൻ
മഴ സ്നേഹം മാത്രമല്ല ഒരു പേടി
സ്വപ്നം കൂടിയായിരുന്നു..
പല ചിന്തയിലും,പല ദിനങ്ങളിലും
മഴ പാടിയ രാഗം ഭയാനകമായിരുന്നു.
വീടിന് മുറ്റത്ത്
കുത്തിയൊലിക്കുന്ന മഴഎൻ
പ്രിയപ്പെട്ടവരെ മഴ ദു:ഖത്തിൽ
താഴ്ത്തി.പിന്നീടെനിക്ക് കരായാനും
സന്തോഷി-ക്കാനും മഴ കൂട്ടായി എന്റെ
മനസ്സിൽ എന്നുംമഴ ഒരു
ചോദ്യച്ചിന്നമായി മാറി.

-



-സിറാജുനിസ്സ

# മെല്ലെ മെല്ലെ

മെല്ലെ മെല്ലെ നീ ചിമ്മി വന്നപ്പോൾ
എന്നും നിന്നെ കാണാൻ ഞാൻ
എത്തീടും...
മഴയിൽ മെല്ലെ ഒന്നു ചാഞ്ഞു
കുളിർത്തീടാൻ
നിന്നുടെ തുള്ളിയിൽ ആഞ്ഞു കളിക്കുന്ന
പൂക്കളെന്നപോലെ......
നിന്നിൽ ഞാൻ കളിക്കുന്നു.......
നീ എന്നോട് മിണ്ടാതെ
പോയപ്പോഴെല്ലാം
കൗതുകം പോലെ എന്നിലുണ്ടായിരുന്നു.
എന്നാൽ നീ ഈ ഭൂമിക്ക് തുള്ളി
തരാതെയായപ്പോൾ ഭൂമിക്ക് ഒരു

ശാപമായി.

ദൈവത്തിൻ ശാപമെന്നും നീ ഞങ്ങ-

ളിൽ വർഷിച്ചീടല്ലെ.....

എന്നും നിൻ സ്നേഹമെന്നപ്പോൾ

തുള്ളി

തുള്ളി പോലെ വർഷിച്ചീടണേ !

നിൻ സ്നേഹ പുത്രനായ കാറ്റിലൂടെ

നീ ഞങ്ങളിൽ കൃപയേകണേ.

എന്തിനു മഴയേ നീ ഒരു തുള്ളി

മാത്രം ബാക്കി വച്ചത്.

ആരോരുമില്ലാ ഇടങ്ങളിൽപാർക്കുന്ന

മക്കൾക്കൊരു നീ ഒരു അമ്മയല്ലേ!

അവരുടെ വിഷമങ്ങളിലൊന്നായി

നീയെന്തിനു മെല്ലെ ചാഞ്ഞിടുന്നു....

പാട്ടുപാടുന്ന കിളികൾക്ക് പോലും നീ

നിന്റെ തുള്ളികൾ കൊടിത്തീടല്ലേ.

നിന്നനുഗ്രഹം കിട്ടിടാതെ ഞങ്ങൾ

ഈ ലോകമെങ്ങും പരിഭ്രാന്തരായീടും.

നീയെന്നും ഞങ്ങളുടെ മനസ്സിന്റെ

ഉള്ളിൽ നക്ഷത്രംപോലെതിളങ്ങീടണ

സർവാനുഗ്രഹം ഞങ്ങൾനേരുന്നു....



മനീഷ പി.കെ

# എന്റെ അവസാനത്തെ യാത്ര



-റിഫ്ന .എ.ആർ

അമ്മയുടെ കൂടെ വഴിവക്കിലൂടെ നടന്ന് നീങ്ങുകയായിരുന്നു ഞാൻ.പുറകിൽ നിന്ന് ഒരു ദീർഘവിളി ഞാൻ കേട്ടു."അമൽ...അമൽ.."ആരാത്? എന്റെ പകുതി ശ്വാസം നിലച്ചു.'ഞാനാ കിച്ച്'.അച്ഛൻ നിന്നെ വിളിക്കുന്നു.ഞാൻ ആലോചിക്കാതിരുന്നില്ല.സാർ എന്തിനാവും എന്നെ വിളിപ്പിച്ചത്? ഇന്നലത്തെ കാര്യം പറയാനാണോ ഭഗവാനെ...!എനിക്ക് ഓർക്കാൻ വയ്യ.മെല്ലെ മെല്ലെ..ഞാൻ സാറിന്റെ വീട്ടിൽ ചെന്നു.അപ്പോഴും ഞാൻ ഇതൊന്നും എന്റെ അമ്മയോട് പറഞ്ഞിട്ടില്ല.എന്റെ കൂടെയുള്ള അമ്മയെ പറ്റിക്കാമെങ്കിൽ എനിക്ക് എന്തുകൊണ്ട് എന്നെ തന്നെ കള്ളം പറഞ്ഞ് പറ്റിച്ചുകൂട?എനിക്ക് അതിന് സാധിക്കും.ഒരു ജീവിത

കാലം മുഴുവൻ ഞാൻ
എന്നെത്തന്നെ പറ്റിച്ചാൽ
എന്താണർത്ഥം.സാറിന്റെ  മുഖത്തേക്ക്
നോക്കി "ഞാൻ പറഞ്ഞു സോറി സാർ
സോറി.നീ എന്തിനാ എന്നോട് സോറി
പറയുന്നത് അമൽ"-
ദേഷ്യത്തോടെ.അല്ലെങ്കിലും എനിക്ക്
അന്നേയറിയായിരുന്നു നീയോക്കെ
വെറും പാഴ്ജന്മമാണെന്ന്.കൈ
ചൂണ്ടിക്കൊണ്ട് "നീ..നീ..തെറ്റ്
ചെയ്തിരിക്കുന്നത് നിന്റെ അമ്മയോടാണ്
നിന്റെ മരിച്ച അച്ഛനോടാണ്.എന്റെ
മകളെ നീ നശിപ്പിച്ചു.നീ അവളുടെ ഭാവി
തകർക്കാൻ പാടില്ലായിരുന്നു.നീയെന്താ
ഈകാര്യംഎന്നോട്പറയാതിരുന്നത്
.പിന്നീട് ഞാൻ കാണുന്നത് നിലത്ത്
കുഴഞ്ഞ് വീണ് കിടന്ന് കരയുന്ന എന്റെ
അദ്ധ്യാപകനെ ആയിരുന്നു.ഒരു നീണ്ട
കരച്ചിലിൻ ഒടുവിൽ ഞാൻ കണ്ടത്
സ്വന്തം മകളെ ഓർത്ത് കരഞ്ഞ
പിതാവിന്റെ അപേക്ഷാരൂപമാണ്.ഒന്നും
മിണ്ടാതെ ഞാൻ അവിടെ
നിന്നിറങ്ങി.എന്റെ അടുത്തേക്ക്
അവളോടിവന്നു.നീ
പോകരുത്...എനിക്ക് നിന്നോട് ഒരു
കാര്യം പറയാനുണ്ട്. "നിനക്ക്
വേണ്ടിയാണ് ഞാൻ ഇത്രയും നാൾ
കാത്തിരുന്നത്.ഇപ്പോൾ എനിക്ക്
മനസിലായി നീയൊരു
ക്രൂരനാണെന്ന്.എനിക്ക് നിന്നെ
വേണ്ട.എന്റെ അച്ഛൻ തന്നെയാണ്
എനിക്ക് വലുത്.എന്റെ അച്ഛൻ
കൊണ്ടുവന്ന ആലോചനക്ക് ഞാൻ
സമ്മതം പറയും.അപ്പോഴും
നിസഹായനായ ഞാൻ ഒന്നും
മിണ്ടിയില്ല.വീട്ടിന്റെ മുറ്റത്ത്
നിന്നിറങ്ങിയപ്പോൾ പുറകിൽ നിന്ന് ഒരു
നിലവിളിയുടെ ശബ്ദം ഞാൻ
കേട്ടു.അയ്യോ...ഓടി വരണേ...എന്താ
കിച്ചു?എന്താ പറ...അമൽ..അച്ഛൻ
പോയി.നീയാ..നീ തന്നെയാ
കരണം.ഇനി ഭൂമിയിൽ എനിക്കിനി
ആരും ഇല്ല എന്ന തേങ്ങൽ അവളെ
കുപിതയാക്കി.ഞാൻ തിരിച്ച്
പോന്നു.എന്താ ചെയ്യാ?എനിക്ക് ഒന്നും
അറിയില്ല.ഇനിയൊരു പക്ഷേ എനിക്ക്
കിച്ചുവിന്റെ മനസ്സിൽ സ്ഥാനം
ഉണ്ടാവില്ല.അവൾ...അവൾ ഇല്ലാതെ
ജീവിക്കാൻ എനിക്ക് വയ്യ.എല്ലാവരും
എന്നെ കുറ്റപ്പെടുത്തും.ഞാൻ ഒന്നും
ചെയ്തിട്ടില്ല.എന്തായെനിക്ക് ഒരു
തോന്നുന്നത്?ഞാൻ ജീവിച്ചു തുടങ്ങിയത്
അവൾക്ക് വേണ്ടിയാണ്.ഞാൻ
ചെറുപ്പത്തിലെ ആഗ്രഹിച്ച
സ്ഥലത്തേക്ക് പോവുകയാണ്.മുത്തശനും
അമ്മാവവും അച്ഛനും എല്ലാവരും പോയ
സ്ഥലത്തേക്ക് എനിക്കും

പോകണം.ആ പ്ലാവിന്റെ
ചില്ലയിൽ;ഒരു മുഴം കയറിൽ.ഒരു പക്ഷേജീവിത്തത്തിലേക്ക് ഇനിയൊരു
മടക്കയാത്ര ഉണ്ടായില്ലായെന്ന് വരാം.ആ കയറിന്റെ ഓടയിലേക്ക് തലനീട്ടിയിട്ട് ഒരു കൈകൊണ്ട് കയറിൻ കെട്ട്
മുറുക്കി.തീർന്നു എല്ലാം തീർന്നു,എന്റെ
ജീവിതം ഞാൻ അവസാനിപ്പിച്ചു.ദൈവം തന്ന ജീവിതം ഞാൻ
നശിപ്പിച്ചു.കയറിൽ തൂങ്ങിക്കിടക്കുന്ന ചെറുപ്പക്കാരനെ കണ്ട നാട്ടുകാർ
തടിച്ചുകൂടി.എന്നെ കണ്ട അമ്മയുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ
പൊഴിക്കുന്നു.ഞാൻ...ഞാൻ തെറ്റാണ്
ചെയ്തത്.എനിക്ക് തിരുത്താൻ
അവസരമില്ല.അച്ഛൻ മരിച്ചിട്ടും എന്നെ ഒന്നിന്റേയും കുറവ് അറിയ്ക്കാതെ എന്നെ വളർത്തിയ എന്റെ അമ്മയ്ക്ക് ഞാൻ
നൽകിയശിക്ഷ.വേണ്ടായിരുന്നു...എനിക്ക് എന്റെ ജീവിതത്തിലേക്ക് തിരിച്ച്
വരണം...അതായിരുന്നു എന്റെ
അവസാനത്തെ യാത്ര.എന്റെ അമ്മയുടെ
കൂടെയുള്ള യാത്ര.ഒരു പക്ഷേ ഇനി "ഒരു
മടക്കയാത്ര ഉണ്ടായിരുന്നെങ്കിൽ.....'

# ഒരു ബോംബെ യാത്ര



യാത്രാവിവരണം

-സിയ കിഷോർ

സ്കൂൾ പൂട്ടിയപ്പോൾ ഞാൻ കുടുംബത്തോടൊപ്പം ബോംബയിലേക്ക്
ഒരു യാത്ര പോയി.ഞങ്ങൾ
വിമാനത്തിലാണ് പോയത്.അവിടെ ഞങ്ങൾ മേമയുടെയും കുടുംബത്തിന്റെയും
കൂടെയാണ് താമസിച്ചത്.ആദ്യത്തെ ദിവസം ഞങ്ങൾ അവിടെന്ന് വന്നതിനാൽ ക്ഷീണിതർ
ആയതുകൊണ്ട് വിശ്രമിച്ചു.രണ്ടാമത്തെ ദിവസം മാമൻ ഞങ്ങളെ നാഷ്ണൽ
പാർക്കിൽ കൊണ്ടപോയി.ഞങ്ങൾ കേറാനുള്ള പാസെടുത്ത് അകത്ത്
കയറി.അവിടെന്ന് ഒരു വാനിൽ ഞങ്ങൾ
കാട്ടിലേക്ക് പ്രവേശിച്ചു.വാനിന്റെ ഇരു വശങ്ങളിലും വന്യ മൃഗങ്ങളെ കാണാൻ
സാധിച്ചു.അതിൽ സിംഹത്തെ കണ്ട്
കുട്ടികളെല്ലാം ഭയപ്പെട്ടു.മൃഗങ്ങളെ കണ്ടതിന് ശേഷം ഞങ്ങൾ പാർക്കിൽനിന്ന്പുറത്തിറങ്ങി
.അടുത്തുള്ളൊരു ഹോട്ടലിൽ

നിന്ന് ഭക്ഷണം

കഴിച്ചു.പിന്നീട് വീട്ടിലേക്ക്

തിരിച്ചു.തുടർന്ന ദിവസങ്ങളിൽ ഞങ്ങൾ

ബീച്ച്,പാർക്ക്,കുറച്ച് ബന്ധുക്കളുടെ
വീടുകളിലേക്കും വാട്ടർപാർക്കിലേക്കും

പോയി.അവസാനദിവസത്തെ യാത്ര

വളരെ മനോഹരമായിരുന്നു.പകോഡ
സന്ദർശിക്കാനാണ്

പോയത്.ബോട്ടിലൂടെ മാത്രമാണ്

അവിടേക്ക്പോകാൻസാധിക്കുകയുള്ളൂ.
ബോട്ടിൽനിന്നിറങ്ങി പകോഡയിലേക്ക്

നടന്നു.ആ കെട്ടിടത്തിന്റെ എന്തെന്നാൽ

അതിന് സ്വർണ്ണനിറമാണ്.ഒറ്റ

നോട്ടത്തിൽ സ്വർണ്ണം തന്നെ.ആ
കെട്ടിടത്തിനകത്ത് തന്നെ ഒരു
പ്രാർത്ഥനാലയവും മ്യൂസിയവും

ഉണ്ടായിരുന്നു.അതിൽ ഏറ്റവും
മനോഹരം ബുദ്ധന്റെ ഒരു വലിയ

പ്രതിമയായിരുന്നു.അതെല്ലാം കണ്ട്

ഞങ്ങൾ വീട്ടിലേക്ക് മടങ്ങി.രണ്ട്
ദിവസം കൂടി മേമയുടെ വീട്ടിൽ
താമസിച്ച് ഞങ്ങൾ സ്വന്തം വീട്ടിലേക്ക്

മടങ്ങി.ഇതുവരെ ഉണ്ടായതിൽ വെച്ച്
ഏറ്റവും സുന്ദരവും ആഹ്ലാദകരമായ
യാത്രഇതായിരുന്നുഎവരുംഒരുപാട്സ
ന്തോഷത്തോടേയാണ്ബോംബേയിൽ

പോയതും തിരികേ വന്നതും.

*********





"ഊർജ്ജം
അമൂല്യമാണ്
അത് പാഴാക്കരുത്"

-അഞ്ജന.കെ.ക



മരങ്ങളും മഴയും തീർന്നുപോയാൽ
ഊർജമില്ലാതാകും ഭൂമി
വരണ്ടുപോകും നാം പഴയ
കാളവണ്ടി യുഗത്തിലേക്ക്
എത്തുകയും ചെയ്യും

## വൈദ്യുതി പാഴാക്കരുത്



ക്രിസ്റ്റീന ജെയിംസ്



ജൈവവൈവിധ്യം നാടിനെ
നന്മപൂർണമാക്കുന്നു

അഹല്ല്യ.എം.എസ്സ്



# കുരുക്ഷേത്ര ഭൂമിയിൽ

ആ സേതു ഹിമശൈല വ്യാപിതം
ആർഷഭൂമിയായി വാഴ്ത്തിടും ഭാരതം
മന്നിടത്തിലെ സ്വർഗ്ഗമാം ഭാരതം
ഇന്നിതാ വീണ്ടും ചമയ്ക്കുന്നു കുരുക്ഷേത്രം

എരിയുന്നകാശ്മീരിൻതീജ്ജ്വാലയാൽ
കരിയുന്ന ഭാരതമക്കൾ നമ്മൾ
പുകയുന്നൊരാസ്സാമുംആന്ധ്രയുംപഞ്ചാബും
ഉരുകുന്നൊരിന്ത്യതൻ നൊമ്പരങ്ങൾ

നീറും നെരിപ്പോടാം ഗുജറാത്തിൻഗദ്ഗദം
വീറോടെ വോട്ടാക്കാൻ വാദിച്ചിടുന്നവർ
സ്വാർത്ഥലാഭത്തിനായി സകലതും
ചൂതുവച്ചാടിക്കളിക്കുന്ന ഭരണചക്രങ്ങളും

ഉറഞ്ഞുതുള്ളിടുംജാതിക്കോമരങ്ങളും
സംഹാരതാണ്ഡവമാടും പ്രകൃതിയും
കിട്ടുംപഴുതിലൂടൊക്കെയുംചോർത്തുവാൻ
തിക്കും തിരക്കുമായ് നേതൃത്വവൃന്ദവും

കലഹങ്ങൾ,സമരങ്ങൾ,രൂക്ഷമാംഭിന്നത
മാനവർ തമ്മിൽ അസ്വസ്ഥമാംജീവിതം
എരിയുന്ന തീയതിലെണ്ണയൊഴിക്കുവാൻ
ഏറെപ്പണിപ്പെടുന്നയലത്തെ നേതാക്കൾ

അഹിംസതൻആശ്വാസതീരമോ
ഇന്നിത്?
ശാന്തിതൻശാദ്വലഭൂമിയാണോ?
ധർമ്മമേതാണെന്നറിയാത്ത മാനവർ
ഇന്നും ശരശയ്യ തീർത്തീടുന്നു

അന്നാകുരുക്ഷേത്രഭൂമിയിൽനേർക്കുനേർ
നിന്നു പൊരുതിടും തൻ സ്വന്തമക്കളെ
കണ്ടു നെടുവീർപ്പിടും കുന്തിതൻ വേദന
ഇന്നിതാ ഭാരതജനനിതൻ നൊമ്പരം

ഇന്ത്യതൻ വീരരാം മക്കളാകാൻ
ശാശ്വത ശാന്തിതൻ മന്ത്രമോതാൻ
ആദർശധീരരായ് ഉണരുണരൂ
ഇന്നീ കുരുക്ഷേത്ര ഭൂമിയിൽ നാം

********



ജയ്മോൾ ജോസഫ് ടീച്ചർ

മുകുളം 2019



യാഥാർഥ്യമാക്കാൻ

സഹായിച്ച

ലിറ്റിൽകൈറ്റ്സ്അംഗങ്ങൾക്ക്

നന്ദി.



